


A HAND BOOK OF HIGH SCHOOL CIVICS

VOL. III

For

VI FORM

K. E. JOB M. A. L. T.

CHANGANACHERRY.



A HAND BOOK OF HIGH SCHOOL CIVICS

Approved by the Text Book Committee)

VOL III.



For

VI FORM

BY

K. E. JOB M. A. L. T.

Price As. 6

Published by
ASSISI BOOK HOUSE,
Changanacherry.

Printed at
The St. Joseph's Printing House,
Tiruvalla—1951.

ആമുഖം.

പൗരധമ്മപ്രവേശിക രണ്ടാം വാല്യത്തിൽ നാം പഠിച്ചതു് പൗരന്മാർ രാഷ്ട്രീയപ്രവത്തനത്തിൽ സഹകരിക്കേണ്ട വിധങ്ങളെപ്പററി ആയിരുന്നുവല്ലോ. ഇതിനേതുടൎന്നു ഈ വാല്യത്തിൽ പഠിക്കുവാനുള്ളതു് ഇന്നു ലോകമാസകലം നിലവിലിരിക്കുന്ന ജനകീയ രാഷ്ട്രങ്ങളുടെ സ്വഭാവം, ഘടന, പ്രവത്തനരീതി എന്നിവയെപ്പററിയാണു്.

ഇന്നു പരിഷ്കൃതരാജ്യങ്ങളിൽ നിലവിലിരിക്കുന്ന പ്രധാന രാഷ്ട്രങ്ങളെല്ലാം ജനകീയരാഷ്ട്രങ്ങളത്രേ. എന്നാൽ ബാഹ്യരൂപത്തിൽ അവ തമ്മിൽ ചില വ്യത്യാസങ്ങളുണ്ടായി എന്നു വരാം. "ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനങ്ങളുടെ ഭരണം" എന്നിങ്ങനെ ഏബ്രഹാംലിങ്കൺ എന്ന മഹാൻ ജനകീയഭരണത്തെ നിൎവ്വചനം ചെയ്തിട്ടുണ്ടു്. ഇംഗ്ലണ്ടിൽ ഇതുപോലെയുള്ള ഒരു പരിപൂൎണ്ണ ജനകീയഭരണക്രമം നിലവിലിരിക്കുന്നുണ്ടു്. എങ്കിലും അവിടുത്തെ ഭരണഘടനയുടെ കൂടസ്ഥനായി നാം ഒരു രാജാവിനെ കാണുന്നുണ്ടല്ലോ. അങ്ങനെയുള്ള രാജാവിനേ, അമേരിക്ക, ഫ്റാൻസ്, ഇൻഡ്യാ മുതലായ ജനകീയ ഭരണഘടനയുടെ കൂടസ്ഥനായി കാണുന്നില്ലെങ്കിലും, അവയും സാക്ഷാൽ ജനകീയരാഷ്ട്രങ്ങൾതന്നെ. റിപ്പബ്ലിക്കൻ രാഷ്ട്രങ്ങളെന്നാണു് അവയുടെ പേരു്. രാജാവിൻെറ സ്ഥാനത്തു് അവിടെ നാം കാണുന്നതു് പ്രസിഡണ്ടു് എന്ന ഉദ്യോഗവാഹിയെ ആണു്.

ഇംഗ്ലണ്ടും ഫ്റാൻസും സാമാന്യം വിസ്തൃതികുറഞ്ഞ ജനകീയ രാഷ്ട്രങ്ങളത്രേ. എന്നാൽ അമേരിക്കയും ക്യാനഡായും അവയെ അപേക്ഷിച്ചു വളരെ വിസ്താരമേറിയ ജനകീയരാഷ്ട്രങ്ങളത്രേ. ഈ രണ്ടു ഗ്രൂപ്പുകളിൽ നിലവിലിരിക്കുന്ന ഭരണഘടനകൾ തമ്മിലും ചില വ്യത്യാസമുണ്ടു്. ആദ്യത്തെ ഗ്രൂപ്പുകളെ യൂണിററി (Unitary) അഥവാ ഏകൈകരാഷ്ട്രങ്ങളെന്നും രണ്ടാമത്തെ ഗ്രൂപ്പിനെ

(Federal) ഫെഡറൽ അഥവാ സംയുക്തരാഷ്ട്രങ്ങളെന്നും പറയുന്നു.

എന്നാൽ ഇങ്ങനെയുള്ള ബാഹ്യവ്യത്യാസങ്ങളെ മാററി നോക്കുന്നപക്ഷം, ജനകീയരാഷ്ട്രങ്ങളുടെ സ്വഭാവത്തിലും ഘടനയിലും പ്രവർത്തനത്തിലുമെല്ലാം, പല സാമ്യങ്ങൾ നമുക്ക് കാണാവുന്നതാണ്. ഈ സാമ്യങ്ങളെയും വ്യത്യാസങ്ങളെയുംപററിയുള്ള പഠനം ഈ ജനകീയയുഗത്തിൽ ജീവിക്കുന്ന ഭാരതീയ പൗരന്മാർക്ക് വളരെ പ്രയോജകീഭവിക്കുന്നതാണ്.

പൗരധമ്മപ്രവേശിക.

മൂന്നാംഭാഗം.

ജനകീയരാഷ്ട്രം.

അദ്ധ്യായം 1.

ക്യാബിനററുമാതൃകയും പ്രസിഡൻഷ്യൽമാതൃകയും.

ജനകീയ ഭരണക്രൂടങ്ങളാണു് ഇന്നു പരിഷ്കൃതരാജ്യങ്ങളിലെല്ലാം നാം കാണുന്നതു്. ദ്വിതീയലോകമഹാസമരത്തിനുമുൻപിൽ, ഇററലി ജമ്മനി ജപ്പാൻ തുടങ്ങിയ ഏതാനും രാജ്യങ്ങളിൽ സ്വേച്ഛാധികാരികഠം ഏകാധിപത്യം നടത്തിയിരുന്നു. പ്രഥമലോകമഹായുദ്ധത്തെ തുടന്നുണ്ടായ കുഴപ്പങ്ങഠംമൂലം, അങ്ങനെയുള്ള രാഷ്ട്രീയ ദുരവസ്ഥകഠം അവിടെ ആവിർഭവിച്ചു എന്നേയുള്ളു. കമ്മ്യൂണിസ്റ്റു റഷ്യയിൽ ഇപ്പോഠം നിലവിലിരിക്കുന്ന ഭരണക്രൂടം സാക്ഷാൽ ഒരുവക സ്വേച്ഛാധികാരമാണെങ്കിലും, അതു ജനകീയത ആണെന്നാണു് അവർ അവകാശപ്പെടുന്നതു്. ഗ്രേററുബ്രിട്ടൻ, ഫ്റാൻസു്, യു. എസ്. എ., ക്യാനഡാ, ആസ്ത്രേലിയാ, സ്വിററ്സർലണ്ടു്, ഇൻഡ്യാ, പാകിസ്ഥാൻ മുതലായ ഗവൺമെൻറുകളെല്ലാം ജനകീയരാഷ്ട്രങ്ങളാണു്. അവയെല്ലാംതമ്മിൽ ചില വ്യത്യാസമുണ്ടെങ്കിലും പല പ്രധാന സംഗതികളിലും സാമ്യമാണുള്ളതു്.

ജനകീയരാഷ്ട്രങ്ങളുടെ പ്രവൎത്തനങ്ങളെല്ലാം പൊതുജനസമ്മതിമൂലമാണു് നടക്കുന്നതു്. എന്നാൽ സ്വേഛാധികാരരാഷ്ട്രങ്ങൾ ഭരിക്കപ്പെടുന്നതു് ഭരണാധികാരിയുടെ ബലപ്രയോഗം മൂലമാണു്. ജനകീയരാഷ്ട്രങ്ങളിൽ പരമാധികാരം ചെലുത്തുന്നതു് ആ രാഷ്ട്രത്തിലെ പൗരന്മാരാണു്. അല്ലാതെ ഭരണാധിപത്യം വഹിക്കുന്ന ഒരു വ്യക്തിയല്ല. സ്വേഛാധികാരികളുടെ പ്രത്യേകാവകാശങ്ങളൊന്നും (Prerogetives) ഇന്നു് ഒരു ജനകീയ ഭരണകൂടത്തിൽ അനുവദിക്കപ്പെടുന്നില്ല.

ഭരണകൂടവും നിയമസഭയും തമ്മിലുള്ള ബന്ധത്തെ ആസ്പദമാക്കി ജനകീയഭരണത്തെ രണ്ടു മാതൃകകളായി വിഭജിക്കാം. അതിലൊന്നിൻെറ മാതൃക ഗ്രേറബ്രിട്ടനിൽ നടക്കുന്ന ക്യാബിനററ ഗവൺമെൻറും, മറെറാന്നു് യു. എസ്സ്. ഏ. യിൽ നിലവിലിരിക്കുന്ന പ്രസിഡൻഷ്യൽ ഭരണവുമത്രേ.

ഇംഗ്ലണ്ടിൽ നിലവിലിരിക്കുന്ന ക്യാബിനററ് ഗവൺമെൻറിനേക്കുറിച്ചു് നമുക്കു് ആദ്യമായി പഠിക്കാം. അവിടത്തെ ഗവൺമെൻറിൻെറ എക്സിക്യൂട്ടീവു ശാഖയും നിയമനിൎമ്മാണവിഭാഗവും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ടു്. അവിടത്തെ നിയമസഭ, അഥവാ, ബ്രിട്ടീഷു പാർല്യമെൻറിനെ, തിരിഞ്ഞെടുക്കുന്നതു് ഗ്രേറബ്രിട്ടനിലെ പ്രായപൂൎത്തിയായ പൗരാവലിയത്രേ. 615 മെമ്പറന്മാരെ ബ്രിട്ടീഷുകാർ കോമൺസ്സഭയിലെ പ്രതിനിധികളായി തിരഞ്ഞെടുക്കുന്നുണ്ടു്. ഈ പ്രതിനിധിസഭയിലുള്ള ഭൂരിപക്ഷം മെമ്പറന്മാരുടെ സമ്മതിലഭിക്കുന്ന മെമ്പർ, സഭയുടെ നേതാവായി തിരിഞ്ഞെടുക്കപ്പെടുകയും, രാജാനുമതിയോടുകൂടി അയാൾ പ്രധാനമന്ത്രിയായി ചാർജ്ജെടുക്കുകയും ചെയ്യുന്നു. ഇങ്ങനെ അധികാരം സിദ്ധിക്കുന്ന പ്രധാനമന്ത്രി, തൻെറ സഹമന്ത്രിമാരെ തിരിഞ്ഞെടുത്തു്, രാജാനുമതിയോടുകൂടി ഭരണം നടത്തിക്കൊണ്ടു പോകുകയാണു പതിവു്. ഈ വിധത്തിലുള്ള ക്രമീകരണം മൂലം ബ്രിട്ടനിലെ മന്ത്രിസഭയ്ക്കു ജനപ്രതിനിധിസഭയായ പാർല്യമെൻറിനോടു് ഉത്തരവാദിത്വമുണ്ടു്. ഭൂരിപക്ഷകക്ഷിനേതാവു് നടത്തുന്ന ഭരണത്തെ പാർല്യമെൻറംഗ

ങ്ങൾ സാധാരണ പിൻതാങ്ങിക്കൊണ്ടിരിക്കും. പക്ഷേ അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞറിയാതെ, മന്ത്രിമാർ സ്വേഛാധികാരം നടത്തുന്ന പക്ഷം, ജനപ്രതിനിധികൾ അവരിൽ അവിശ്വാസപ്രമേയം പസ്സാക്കുന്നതിനിടയുണ്ട്. അങ്ങനെ ഒരു ദുരവസ്ഥ ഉണ്ടാകുന്നപക്ഷം ആ മന്ത്രിസഭ രാജിവയ്ക്കുന്നതിനിടയാകുന്നതാണ്. ആകയാൽ മന്ത്രിസഭാംഗങ്ങൾ എപ്പോഴും പാർല്യമെൻറിൻെറ സമ്മതം സമ്പാദിക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയാണ് പതിവ്. ആകയാൽ ക്യാബിനററുഭരണം നിലവിലിരിക്കുന്ന രാജ്യങ്ങളിൽ, നിയമനിർമ്മാണ വിഭാഗവും എക്സിക്യൂട്ടീവു വിഭാഗവും തമ്മിൽ ദൃഢമായ ഒരു ബന്ധമുണ്ട്. (The British Cabinet is the buckle that fastens the Executive and the Legislature together) എക്സിക്യൂട്ടീവു വിഭാഗത്തെയും നിയമനിർമ്മാണവിഭാഗത്തെയും കൂട്ടിഘടിപ്പിക്കുന്ന ഒരു ബന്ധമത്രെ ബ്രിട്ടീഷു ക്യാബിനററ് എന്നു സാധാരണ പറയുന്നതിൻെറ കാരണം ഇതാണ്. ഈ ക്യാബിനററു ഭരണരീതിയാണ് പുതിയ ഇൻഡ്യൻ റിപ്പബ്ളിക്കിൻെറ ഭരണഘടനയിൽ സ്വീകരിച്ചിരിക്കുന്നതു്.

യു. എസ്. ഏ. യിൽ നിലവിലിരിക്കുന്ന പ്രസിഡൻഷ്യൽ ഭരണരീതി ഇതിൽനിന്നും കുറെ വ്യത്യസ്തമാണ്. അവിടെ ഭരണകൂടസ്ഥനായി ബ്രിട്ടനിലെപ്പോലെ ഒരു രാജാവില്ല. അതിനുപകരമെന്നവണ്ണം അവിടെയുള്ളതു് പ്രസിഡണ്ട് എന്ന ഒരു ഭരണാധികാരിയത്രെ. അദ്ദേഹം ബ്രിട്ടനിലെപ്പോലെ ഭരണവിഷയത്തിൽ കേവലം അധികാരരഹിതനല്ല. അദ്ദേഹത്തെ തിരഞ്ഞെടുക്കുന്നതു് ബ്രിട്ടനിലെപ്പോലെ ഒരു ജനപ്രതിനിധിസഭയല്ല. പ്രത്യുത സകല യു. എസ്. ഏ. പൗരനും പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ സമ്മതിദാനം ചെയ്യുന്നു. ഇങ്ങനെ ഒരിക്കൽ തിരഞ്ഞെടുപ്പു ലഭിച്ചാൽ പിന്നെ നാലുകൊല്ലത്തേക്കു അദ്ദേഹത്തിനു് ഉദ്യോഗസ്ഥിരതയുണ്ട്. അമേരിക്കയിലെ ജനപ്രതിനിധിസഭക്ക് അദ്ദേഹത്തെ വിമർശിക്കുകയോ അവിശ്വാസപ്രമേയം പാസ്സാക്കുകയോ ചെയ്യാം. ഈ വിമർശനങ്ങളനുസരിച്ചു് ഭരണനയത്തിൽ വ്യതിയാ

നം വരുത്തുന്നതിനോ വരുത്താതിരിക്കുന്നതിനോ, പ്രസിഡണ്ടിനു സ്വാതന്ത്ര്യമുണ്ട്. അതിനു കാരണം യു. എസ്സ്. എ. പ്രസിഡണ്ട് ആ രാജ്യത്തെ സകല പൗരന്മാരിൽനിന്നും അധികാരം സമ്പാദിച്ചിട്ടുള്ളവനാണെന്നുള്ള വസ്തുതയത്രേ.

അമേരിക്കൻ ഐക്യനാടുകളിലെ പ്രസിഡണ്ടത്രേ അവിടത്തെ എക്സിക്യൂട്ടീവ് അഥവാ ഭരണസമിതിയുടെ നേതാവ്. ഭരണവിഷയത്തിൽ അദ്ദേഹത്തെ സഹായിക്കുന്നത് "സെക്രട്ടറിമാർ" എന്നറിയപ്പെടുന്ന ഉദ്യോഗസ്ഥന്മാരാണ്. അവരെ നിയമിക്കുന്നതിനും നീക്കംചെയ്യുന്നതിനുമുള്ള അധികാരം പ്രസിഡണ്ടിലാണ് സ്ഥിതിചെയ്യുന്നത്. ബ്രിട്ടനിൽ രാജ്യനിയമങ്ങൾ പാസ്സാക്കുന്നതിനുവേണ്ട പ്രധാനപരിശ്രമംചെയ്യുന്നത് ക്യാബിനററ് അഥവാ മന്ത്രിസഭയാണല്ലോ. പക്ഷേ അമേരിക്കൻ പ്രസിഡണ്ടിനും സെക്രട്ടറിമാർക്കും നിയമനിർമ്മാണത്തിൽ യാതൊരു ചുമതലയുമില്ല.

അമേരിക്കയിലെ എക്സിക്യൂട്ടീവും ജനപ്രതിനിധിസഭയും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്ന അവസരത്തിൽ രണ്ടുകൂട്ടരും തങ്ങളുടെ വാദമുഖങ്ങൾ സുപ്രീംകോടതിയിൽ ഉന്നയിക്കുന്നു. അവിടെയുള്ള വിദഗ്ദ്ധന്യായാധിപന്മാർ ഈ വാദമുഖങ്ങളെകേട്ട യുക്തമായ തീരുമാനങ്ങൾ ചെയ്യുകയും പതിവാണ്. അമേരിക്കയിൽ നിലവിലിരിക്കുന്ന ഭരണഘടനാപ്രമാണത്തെ ആസ്പദമാക്കിയായിരിക്കും സുപ്രീംകോടതിയിൽനിന്നും ഇങ്ങനെ തീരുമാനം ചെയ്യുന്നത്. നീതിന്യായകോടതികൾ സർവസ്വാതന്ത്ര്യമായിരിക്കുന്നതുമൂലം, ഭരണകൂടവും നിയമസമിതിയും തമ്മിലുള്ള അഭിപ്രായഭിന്നതകൾ നിഷ്പക്ഷമായി തീരുമാനിക്കപ്പെടുമെന്നുള്ളതിനു പക്ഷാന്തരമില്ല.

ഇൻഡ്യൻ റിപ്പബ്ളിക്കിൻെറ ഭരണഘടനയിൽ മേല്പറഞ്ഞ രണ്ട ഭരണക്രമത്തിൻെറയും അംശങ്ങൾ നാം കാണുന്നുണ്ട്. ഇന്ത്യായൂണിയൻെറ ഭരണാധിപൻ 5 കൊല്ലത്തേക്കു തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡണ്ടാണ്. എന്നാൽ അദ്ദേഹത്തെ തിരിഞ്ഞെടുക്കുന്നത് നിയമസഭാംഗങ്ങളാണ്. അല്ലാതെ രാജ്യത്തിലെ പൗരാവലി അ

ല്ല. എന്നാൽ ഇവിടെ ഭരണനിർവഹണം നടത്തുന്നതു് ബ്രിട്ടീഷ് മന്ത്രിസഭയുടെ മാതൃകയിലുള്ള ക്യാബിനററ് അത്രേ. അതിനെ Council of Ministers എന്നു വിളിക്കുന്നു. നിയമസഭയുടെ അവിശ്വാസപ്രമേയംമൂലം ഇന്ത്യയിലെ മന്ത്രിസഭ രാജിവയ്ക്കേണ്ടതായിവരും. എന്നാൽ ഇന്ത്യൻ റിപ്പബ്ളിക്കൻ പ്രസിഡണ്ടിൻെറ ഉദ്യോഗം സാധാരണഗതിയിൽ 5 കൊല്ലത്തേക്കു് സ്ഥിരമാണു്. അമേരിക്കയിലെപ്പോലെ ഇൻഡ്യയിലും ഒരു സുപ്രീംകോടതി സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. അതിൻെറ പ്രധാന ഉദ്ദേശ്യങ്ങൾ ന്യൂനപക്ഷത്തിൻെറ മൌലികാവകാശസംരക്ഷണവും ഭരണഘടനാ വ്യാഖ്യാനവും ആകുന്നു.

അദ്ധ്യായം 2.

യൂണിററിരാഷ്ട്രങ്ങളും സംയുക്തരാഷ്ട്രങ്ങളും.

ഇന്നു നിലവിലിരിക്കുന്ന ജനകീയ രാഷ്ട്രങ്ങളെ (Unitary) യൂണിററി അഥവാ ഏകൈകരാഷ്ട്രങ്ങളെന്നും (Federal) ഫെഡറൽ അഥവാ സംയുക്തരാഷ്ട്രങ്ങളെന്നും രണ്ടായി വിഭജിക്കാവുന്നതാണു്.

പ്രാചീന ഗ്രീസിലും ഇററലിയിലും ഇൻഡ്യയിലും ഉണ്ടായിരുന്ന നഗരരാഷ്ട്രങ്ങളിൽ ജനകീയഭരണമാണു് നടന്നിരുന്നതു്. എങ്കിലും അവയ്ക്കുള്ളിൽ വസിച്ചിരുന്ന അടിമകൾക്കും കുലഹീനന്മാർക്കും അവിടെ പൌരാവകാശമുണ്ടായിരുന്നില്ല. പൌരന്മാരെല്ലാവരുംകൂടിയാണു് അവിടത്തെ നിയമസഭയായി വർത്തിച്ചിരുന്നതു്. പ്രസ്തുത നഗരരാഷ്ട്രങ്ങൾ തുലോം ചെറുതായിരുന്നതുമൂലം, അവിടെ കേന്ദ്രഭരണമെന്നും പ്രാദേശിക ഭരണമെന്നുമുള്ള വ്യത്യാസം തെല്ലുപോലുമില്ലായിരുന്നു. എന്നാൽ കാലാന്തര

ത്തിൽ കൂടുതൽ വിസ്തൃതമായ ദേശരാഷ്ട്രങ്ങൾ (National States) ആവിർഭവിച്ച അവസരങ്ങളിൽ കേന്ദ്രഭരണം തലസ്ഥാനനഗരത്തിൽ സ്ഥാപിക്കപ്പെടുകയും, ചുററുമുള്ള ഭൂഭാഗങ്ങളിൽ പ്രാദേശിക ഭരണാധികാരികളെ കേന്ദ്രത്തിൽനിന്നും നിയമിക്കുകയും പതിവായിത്തീന്നു. ഇപ്രകാരമുള്ള ദേശരാഷ്ട്രങ്ങളാണു് ബ്രിട്ടൻ, ഫ്റാൻസ് മുതലായവ. മേൽപ്രസ്താവിച്ച നഗരരാഷ്ട്രങ്ങളും ദേശരാഷ്ട്രങ്ങളും, യൂണിററിരാഷ്ട്രങ്ങൾ എന്ന ഗ്രൂപ്പിൽ ചേരുന്നവയാണു്.

17–ാം ശതകംമുതൽ പാശ്ചാത്യജനങ്ങൾ വിസ്തൃതമായ വടക്കേ അമേരിക്കൻ ഭൂഭാഗങ്ങളിൽ കുടിപുറപ്പെട്ടുപോയി, യൂറോപ്പിലെപ്പോലെയുള്ള പല ചെറുരാഷ്ട്രങ്ങൾ സ്ഥാപിച്ചു് സ്വയംഭരണം നടത്തിവന്നു. അപ്പോൾ അവർക്കു് ബാഹ്യശത്രുക്കളുണ്ടായതുമൂലം, സ്വയരക്ഷയ്ക്കുവേണ്ടി, അവർ പരസ്പരം യോജിക്കേണ്ടതായിവന്നു. അങ്ങനെയാണു് അവിടെ അമേരിക്കൻ ഐക്യനാടുകൾ എന്ന പേരിൽ ഒരു സംയുക്തരാഷ്ട്രം ആവിർഭവിച്ചതു്. ഈ സംയുക്തരാഷ്ട്രംമൂലം, അവക്കു് പ്രാദേശികകാര്യങ്ങളിൽ സ്വയംഭരണംകൊണ്ടുള്ള ഗുണങ്ങളും, പൊതുവിഷയങ്ങളിൽ സംയോജനംകൊണ്ടുള്ള ശക്തിയും ലഭിക്കുന്നതിനിടയായി. ഈ വിധത്തിലാണു് അമേരിക്കൻ ഐക്യനാടുകൾ (യു.എസ്.എ.) ഇന്നു് ഒരു ലോകമഹാരാഷ്ട്രമായി വളർന്നുവന്നിട്ടുള്ളതു്. ഈ മാതൃകയെ അനുകരിച്ചുകൊണ്ടാണു്, ഇപ്പോൾ ആസ്ത്രേലിയാ, ക്യാനഡാ, റഷ്യ തുടങ്ങിയുള്ള പല സംയുക്തരാഷ്ട്രങ്ങൾ പിന്നീടു് രൂപവൽക്കരിക്കപ്പെട്ടിട്ടുള്ളതു്.

സംയുക്തരാഷ്ട്രങ്ങൾ രൂപമെടുത്തിട്ടുള്ളതു് പ്രധാനമായി രണ്ടുവിധത്തിലത്രെ. വടക്കെ അമേരിക്കയിൽ പാശ്ചാത്യജനങ്ങൾ പല അവസരങ്ങളിലായി കുടിയേറിപ്പാർക്കുകയും, അവിടങ്ങളിൽ പല പല ചെറുരാഷ്ട്രങ്ങൾ ആദ്യമായി രൂപമെടുത്തു ഭരണം നടത്തിത്തുടങ്ങുകയും ചെയ്തതിൻറശേഷമത്രെ, ബാഹ്യശത്രുവിനോടെതിർക്കുന്നതിനുവേണ്ടി, അവർ സംയോജനം നടത്തുവാനിടയായതു്. അതിനാൽ അവർ സംയുക്തകേന്ദ്രഭരണത്തിനുള്ള

അധികാരങ്ങൾ പ്രത്യേകം ക്ലിപ്തപ്പെടുത്തുകയും ബാക്കി കാര്യങ്ങളെല്ലാം പ്രാദേശിക ഭരണകർത്താക്കൾ സ്വീകരിക്കുകയും ചെയ്തു. അമേരിക്കൻ ഐക്യനാടുകളിലെ ഓരോ ചെറിയ നാടും മുൻകൂട്ടി സ്വയംഭരണം നടത്തിക്കൊണ്ടിരുന്നവയാണ്. അവയെ സൃഷ്ടിച്ചത് കേന്ദ്രഭരണത്തിൽനിന്നല്ല; പ്രത്യുത കേന്ദ്രഭരണത്തെ സൃഷ്ടിച്ചത് അവരാണ്. അമേരിക്കൻ ഐക്യനാടുകളിൽ കേന്ദ്രഭരണത്തിനു വിട്ടുകൊടുത്തിട്ടുള്ള വകുപ്പുകൾ രാജ്യരക്ഷ, വിദേശകാര്യം, നാണയനിർമ്മാണം, കമ്പി, തപാൽ മുതലായ ആശയവിനിമയകാര്യങ്ങൾ, വാണിജ്യം ഇവയാണ്. ക്രമസമാധാനങ്ങൾ, പൊതുജനാരോഗ്യം, ശുചീകരണം, കൃഷി, ഭൂനികുതി, വിദ്യാഭ്യാസം മുതലായവ എല്ലാം പ്രാദേശിക ഭരണത്തിനു വിധേയവും ആണ്.

എന്നാൽ ക്യാനഡായിലും ഒരു സംയുക്തഭരണഘടനയാണ് നിലവിലിരിക്കുന്നതു്. പക്ഷെ അവിടെ ആദ്യമായി രൂപമെടുത്തതു് അവിടത്തെ കേന്ദ്രഗവൺമെൻറായിരുന്നു. അതിനുശേഷം ആ കേന്ദ്രഗവൺമെൻറിൻെറ ആഭിമുഖ്യത്തിൽ അവിടെ ഓരോ പ്രാദേശിക ഗവൺമെൻറുകൾ സ്ഥാപിക്കുകയാണു ചെയ്തതു്. യു. എസ്. എ. യിൽ നടന്നതിൻെറ നേരെ എതിർ നടപടിയാണ് ക്യാനഡായിൽ സംഭവിച്ചതു്. യു. എസ്. എ യിൽ നടന്നതു് ഒരുവക കേന്ദ്രീകരണമായിരുന്നു; ക്യാനഡായിൽ സംഭവിച്ചതു് ഒരുവക വികേന്ദ്രീകരണവുമായിരുന്നു. ക്യാനഡായിൽ ആദ്യമുണ്ടായതു കേന്ദ്രഗവൺമെൻറായതുകൊണ്ടു് അതിൻെറ ആഭിമുഖ്യത്തിലുണ്ടായ പ്രാദേശിക ഗവൺമെൻറുകളുടെ അധികാരങ്ങളും അവകാശങ്ങളും ആദ്യമായി ക്ലിപ്തപ്പെടുത്തുകയും, ബാക്കിയുള്ള സകല അധികാരങ്ങളും കേന്ദ്രത്തിൽനിന്നും നിർവ്വഹിച്ചുവരികയുമാണ് ചെയ്യുന്നതു്.

മേല്പറഞ്ഞ രണ്ടുതരം സംയുക്തഭരണത്തിലും വിഭിന്നമാണ് സ്വിററ്സർലണ്ടിൽ നിലവിലിരിക്കുന്ന സംയുക്തഭരണരീതി. മദ്ധ്യയൂറോപ്പിൽ കിടക്കുന്ന ഒരു ചെറുരാജ്യമത്രെ സ്വിററ്സർലണ്ടു്. 40 ലക്ഷത്തിൽകൂടുതൽ ജനങ്ങൾ ഇവിടെ വസിക്കുന്നില്ല. ഈ ജനങ്ങൾതന്നെ വിവിധഭാഷകൾ സംസാരിക്കുന്നവരും വിവിധമതങ്ങൾ

ആചരിക്കുന്നവരുമത്രെ. ആ സംയുക്തരാഷ്ട്രത്തിൽ ആകെ 25 (Cantons) പ്രാദേശിക വിഭാഗങ്ങളുണ്ടു്. ഓരോ വിഭാഗത്തിലും പ്രത്യേകം പ്രത്യേകം പ്രാദേശികഭരണം നടത്തിക്കൊണ്ടിരിക്കുന്നു. ഈ പ്രാദേശിക വിഭാഗങ്ങളുടെ പ്രതിനിധികൾകൂടി പൊതുഭരണ വിഷയങ്ങളെപ്പററി പര്യാലോചന നടത്തിവരുന്നു. സംയുക്തഭരണത്തിനു വിധേയമായ വകുപ്പുകൾ, വിദേശബന്ധം, വാണിജ്യം, സൈനികം, തീവണ്ടി, കമ്പി, തപാൽ, നാണയം, ദേശീയധനകാര്യം, വിദ്യാഭ്യാസം, ചുങ്കം, ജലശക്തി, അബ്കാരി മുതലായവയും, ഇതരവിഷയങ്ങൾ പ്രാദേശിക ഭരണത്തിനുമാണു്. ഭരണഘടനയെപ്പററി അപ്പോഴപ്പോൾ വേണ്ട വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും കൊടുക്കേണ്ട ഭാരം സംയുക്തഗവൺമെൻറിൻെറ അസ്സംബ്ളിയിൽ നിക്ഷേപിച്ചിരിക്കുന്നു. യു. എസ്. എ യിൽ ഈ ചുമതല സുപ്രീംകോടതിയ്ക്കാണെന്നു നാം മുൻപു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതു കൂടാതെ പ്രാദേശിക ഗവൺമെൻറുകളും കേന്ദ്രഗവൺമെൻറുകളും യോജിച്ചു നടപ്പിൽവരുത്തേണ്ട ചില ഭരണവകുപ്പുകൾ സ്വിററ്സർലണ്ടിൽ നിലവിലിരിക്കുന്നു. അവയെ Concurrent Subjects എന്നാണു് ഇംഗ്ലീഷിൽ വ്യവഹരിക്കുന്നതു്. വ്യവസായം, രക്ഷാഭോഗം, പൊതുനിരത്തുകൾ, വിദ്യാഭ്യാസം, വത്തമാനപ്പത്രനിയന്ത്രണം ഇവയാണു് അങ്ങനെയുള്ള വകുപ്പുകൾ. ഇവയുടെ ഭരണവിഷയത്തിൽ, അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ കേന്ദ്രഭരണത്തിൻെറ നിയമങ്ങൾക്കു പ്രാദേശിക ഗവണ്മെൻറുകൾ വിധേയമായിരിക്കണമെന്നാണു് നിയമം.

സ്വിററ്സർലണ്ടിലും ഒരു സുപ്രീം കോടതിയുണ്ടു്. അതിൻെറ ജോലി, കേന്ദ്രഗവണ്മെൻറും പ്രാദേശിക ഗവണ്മെൻറുകളും തമ്മിലുണ്ടാകുന്ന വാദങ്ങൾ കേട്ടു തീരുമാനിക്കുന്നതും, കേന്ദ്രഗവണ്മെൻറിനെതിരായി ചെയ്യപ്പെടുന്ന കുററങ്ങളെപ്പററി വിചാരണ ചെയ്യുന്നതും, പ്രാദേശികകോടതികളിൽനിന്നും വരുന്ന അപ്പീൽകേസ്സുകൾ കേട്ടു തീരുമാനിക്കുന്നതും അത്രെ. അല്ലാതെ പ്രാദേശിക ഗവണ്മെൻറുകളും കേന്ദ്രഗവണ്മെൻറും തമ്മിലുള്ള അഭിപ്രായ

ഭിന്നതകൾ കേട്ടു തീരുമാനിക്കുന്നതിനു് സുപ്രീംകോടതിക്കധികാരമില്ല.

1950 ജനുവരി 26-ാംനു സംസ്ഥാപിതമായ നമ്മുടെ ഇൻഡ്യൻറിപ്പബ്ളിക്കും ഒരു സംയുക്തരാഷ്ട്രമത്രെ. ഇതിൽ 12 പ്രാദേശികഗവണ്മെൻറുകളുണ്ടു്. അവയിൽ ഓരോന്നിനും അതതുപ്രദേശങ്ങളിൽ ഭരണം സ്വയം നടത്തിക്കൊണ്ടുപോകുന്നതിനുള്ള അധികാരമുണ്ടു്. ക്രമസമാധാനപരിപാലനം, നീതിന്യായം, പ്രാദേശികസ്വയംഭരണം, പൊതുജനാരോഗ്യം, പ്രാദേശികഗതാഗതം, കൃഷി, ജലസേചനം, ഭൂനികുതി, ആന്തരികവാണിജ്യവ്യവസായങ്ങൾ, അബ്കാരി ഇവയെല്ലാം പ്രാദേശികഗവണ്മെൻറിൻെറ അവകാശാതിർത്തിയിൽപെട്ടവയാണു്. യൂണിയൻ അഥവാ കേന്ദ്രഗവണ്മെൻറിൻെറ അവകാശത്തിൽപെട്ട വകുപ്പുകൾ, രാജ്യരക്ഷ, നാവികസൈനികവിമാനസേനകൾ, വിദേശബന്ധങ്ങൾ, റെയിൽവേ, കപ്പൽഗതാഗതം, വിമാനഗതാഗതം, നാണയമുദ്രണം, കമ്പിയും തപാലും, വിദേശവാണിജ്യം, ബാങ്കുപ്രവർത്തനം. തൂക്കങ്ങളും അളവുകളും, ആദായനികുതി, കടൽച്ചുങ്കം, എക്സൈസ് മുതലായവയത്രെ. രണ്ടു ഭാഗത്തുനിന്നും അധികാരം ചെലുത്താവുന്ന വകുപ്പുകൾ (Concurrent Subjects) ക്രിമിനൽനിയമങ്ങൾ, വിവാഹം, വിവാഹമോചനം, ബാങ്കുപൊളിവും പാപ്പരത്വവും, സാമ്പത്തികസാമൂഹ്യസംവിധാനം, തൊഴിലാളിസംരക്ഷണം, വിലനിയന്ത്രണം, പത്രങ്ങൾ, ഗ്രന്ഥങ്ങൾ, മുദ്രണാലയങ്ങൾ മുതലായവയാണു്. ഈ വകുപ്പുകളുടെ ഭരണം സംബന്ധിച്ചു് കേന്ദ്രഗവണ്മെൻറും പ്രാദേശികഗവണ്മെൻറുകളും തമ്മിൽ അഭിപ്രായഭിന്നതയുണ്ടാകുന്നപക്ഷം കേന്ദ്രഗവണ്മെൻറിൻെറ അഭിപ്രായങ്ങൾക്കു് മുൻഗണനയുണ്ടായിരിക്കണമെന്നാണു് നിയമം.

അദ്ധ്യായം 3.

ജനകീയരാഷ്ട്രങ്ങളും അവയുടെ ഭരണഘടനകളും.

ജനകീയരാഷ്ട്രങ്ങളും സ്വേഛാധിപത്യരാജ്യങ്ങളും തമ്മിലുള്ള പ്രധാനവ്യത്യാസം, ജനകീയരാഷ്ട്രങ്ങളിൽ Constitutions അഥവാ ഭരണഘടനാവ്യവസ്ഥകളുണ്ടെന്നുള്ളതാണ്. സ്വേഛാധിപത്യരാഷ്ട്രങ്ങളിൽ ഭരണംനടത്തുന്നതു്, ഭരണാധികാരിയുടെ സ്വന്തഇഷ്ടം അനുസരിച്ചാണ്. ഭരണാധിപന്റെ ഉത്തരവുകളും പ്രഖ്യാപനങ്ങളുമാണ്, അങ്ങനെയുള്ള രാജ്യങ്ങളിലെ നിയമാവലി. എന്നാൽ ജനകീയരാഷ്ട്രങ്ങളിൽ സുനിശ്ചിതമായ ചില ഭരണവ്യവസ്ഥകളുണ്ടായിരിക്കും. അവയെ ലംഘിക്കുന്നതിന് ഭരണാധികാരികൾക്കാകട്ടെ ഭരണീയർക്കാകട്ടെ അവകാശവും അധികാരവുമില്ല. തന്മൂലം അങ്ങനെയുള്ള രാജ്യങ്ങളിലെ പൌരന്മാരുടെ മൌലികാവകാശങ്ങൾ എപ്പോഴും സുരക്ഷിതമാണ്. അവിടെ സാമുദായികനീതിയും എപ്പോഴും അഭംഗമായി പരിപാലിക്കപ്പെടുന്നു. അക്കാരണത്താലാണ് ആധുനികലോകത്തിൽ പല്ലായിടത്തും ഭരണവ്യവസ്ഥകളുള്ള ജനകീയരാഷ്ട്രങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതു്.

ചിലരാജ്യങ്ങളിൽ ഭരണഘടനാവ്യവസ്ഥകൾ എല്ലാം മുൻകൂട്ടി എഴുതി തയാർ ചെയ്തിരിക്കും. അവയിൽ ഭരണയന്ത്രത്തിന്റെ വിവിധവിഭാഗങ്ങളുടെ ഘടനയേയും കൃത്യങ്ങളെയും, അവതമ്മിലുള്ള ബന്ധത്തെയും, വിശദമായും സ്പഷ്ടമായും, വിവരിക്കുകയും പതിവാണ്. ആക്കെങ്കിലും ഭരണഘടയെപ്പററി എന്തെങ്കിലും സംശയമുണ്ടായാൽ, അവയെല്ലാം പരിഹരിക്കുന്നതിനു് ആ പ്രമാണം പരിശോധിച്ചാൽ മതിയാകുന്നതാണ്. അങ്ങനെയുള്ള ലിഖിത ഭരണഘടനാപ്രമാണങ്ങൾ, യു. എസ്. ഏ. യിലും ഫ്രാൻസിലും സ്വിററ്സർലണ്ടിലും ഇൻഡ്യയിലും നമുക്കു കാണാവുന്നതാണ്. അവയുടെ വ്യാഖ്യാനം സംബന്ധിച്ചു് സംശയമുണ്ടായാൽ അതിനു

ള്ള പരിഹാരമാർഗ്ഗങ്ങളും അവയിൽ വിവരിച്ചിരിക്കും. ഇതു പൗരന്മാർക്കും ഭരണകർത്താക്കൾക്കും വലിയ ഒരനുഗ്രഹമാണു്. പക്ഷേ ആധുനികകാലങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ജനകീയരാഷ്ട്രങ്ങൾക്കു മാത്രമേ ഇതു് സാദ്ധ്യമായിത്തീർന്നിട്ടുള്ളു.

എന്നാൽ അനേകശതവർഷങ്ങളിലെ ചരിത്രപരിണാമംമൂലം രൂപമെടുത്തിട്ടുള്ള പ്രാചീന ജനകീയരാഷ്ട്രങ്ങളിൽ അലിഖിതമെങ്കിലും സാമാന്യം സുനിശ്ചിതമായ ഭരണവ്യവസ്ഥകൾ നടപ്പിലിരിക്കുന്നു. ഗ്രേറ്റ്ബ്രിട്ടൻ അങ്ങനെയുള്ള ഒരു പ്രാചീനരാഷ്ട്രമത്രെ. അവിടെ നിലവിലിരിക്കുന്ന ഭരണഘടനാവ്യവസ്ഥകൾ പല നൂററാണ്ടുകളിലായി ജനങ്ങൾ നേടിയിട്ടുള്ള പൗരാവകാശങ്ങളത്രെ. ഒററപ്രമാണത്തിൽ നമുക്കു് അവയെ വായിക്കുവാൻ സാധിക്കുകയില്ല. പ്രാചീനനടപടികളിലും പാരമ്പര്യങ്ങളിലും കോടതിത്തീരുമാനങ്ങളിലുമാണു് അവയെ നാം കാണുന്നതു്. ചില പ്രത്യേകതീയതികളിൽ എഴുതി തയാർ ചെയ്തിട്ടുള്ള ഒന്നോ രണ്ടോ പ്രമാണരേഖകളിൽ നാം അവയെ കണ്ടു എന്നു വരികയില്ല. എന്നാൽ ബ്രിട്ടീഷുഭരണവ്യവസ്ഥകളെല്ലാം കേവലം അലിഖിതമാണെന്നു പറയുവാനും നിവൃത്തിയില്ല. ബ്രിട്ടീഷുപാർല്യമെൻറിൽ പാസ്സാക്കപ്പെട്ടിട്ടുള്ള പല ഭരണവ്യവസ്ഥകൾ ലിഖിതരൂപത്തിൽ ഇന്നും നമുക്കു കാണുവാൻ സാധിക്കും. 1215-ാമാണ്ടിൽ ബ്രിട്ടീഷു പൗരപ്രമാണികൾ ഇംഗ്ലണ്ടിലെ ജോൺ എന്ന രാജാവിൽനിന്നും സമ്പാദിച്ചിട്ടുള്ള (Magna Carta) "മാഗ്നാ കാർട്ടാ" എന്ന പ്രമാണം ഇന്നും ലിഖിതരൂപത്തിൽ നമുക്കു കാണുവാൻ കഴിയും. ബ്രിട്ടീഷുപൗരസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനശില ഇതത്രേ. ഈ പൗരാവകാശപ്രമാണത്തിന്റെ വികസനവും സ്ഥിരീകരണവുമാണു്, പിന്നീടു് ബ്രിട്ടീഷുപാർല്യമെൻറിൽ പാസ്സാക്കപ്പെട്ടിട്ടുള്ള Bill of Rights, Act of Settlement എന്നീ പ്രമാണങ്ങളും വിവിധ പാർല്യമെൻറു പരിഷ്ക്കരണനിയമങ്ങളും.

അലിഖിതഭരണഘടനകൾക്കു പ്രത്യക്ഷത്തിൽ ചില ഗുണങ്ങളുണ്ടു്. അതിൽ പ്രധാനമായിട്ടുള്ളതു്, അവയെ

കാലാനുക്രൂലമായി പരിഷ്കരിക്കാമെന്നുള്ളതാണു്. അന്യഥാ പറയുന്നപക്ഷം, അവ സാമാന്യം അയവുള്ളതും (Flexible) സ്ഥിതിഭേദക്ഷമവുമാണു്. ഭരണഘടന എഴുതപ്പെടുന്ന കാലങ്ങളിലെ സ്ഥിതിഗതികൾ കാലാന്തരത്തിൽ മാറിപ്പോയേക്കാനിടയുള്ളതാണല്ലോ. ഭാവിയെപ്പററി ദീർഘദർശനം ചെയ്തുകൊണ്ടു ഭരണഘടനകൾ തയാറാക്കുക പലപ്പോഴും സാദ്ധ്യമല്ലാത്തതുകൊണ്ടു്, സ്ഥിതിഭേദക്ഷമമായ ഭരണവ്യവസ്ഥകൾക്കു് ഇങ്ങനെ ഒരു മെച്ചമുള്ളതായി പരിഗണിക്കാം.

ലിഖിതഭരണഘടനകൾക്കുള്ള മെച്ചം വേറൊന്നാണു്. അതായതു് അവ ആക്കും സ്പഷ്ടമായി മനസ്സിലാക്കത്തക്കവിധത്തിൽ അത്ര സുനിശ്ചിതവും വിശദവും അയവില്ലാത്തതും (Rigid) ആണു്. പൗരന്മാരുടെ അവകാശ സംരക്ഷണത്തിനും, സാമുദായിക നീതിനിവ്വഹണത്തിനും, ഭരണയന്ത്രത്തിലെ വിവിധ ഘടകങ്ങളുടെ അധികാരാതിത്തി നിണ്ണയത്തിനും, ആധാരമായ ഒരു പ്രമാണമാണല്ലോ ഭരണഘടന. അതിനു വേണ്ടത്ര സ്പഷ്ടതയും കൃത്യതയുമില്ലെങ്കിൽ പൗരാവകാശങ്ങൾക്കു തന്നെ ഭദ്രതയില്ല. ആകയാലത്രേ ആധുനികകാലത്തു്, രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള രാഷ്ട്രങ്ങളിലെല്ലാം, വിദഗ്ദ്ധന്മാരായ നിയമജ്ഞരെക്കൊണ്ടു് ആ ഭരണഘടനകൾ അവധാനപൂവ്വം എഴുതിയുണ്ടാക്കിയിട്ടുള്ളതു്. അങ്ങനെയുള്ള ലിഖിതഭരണ വ്യവസ്ഥകളാണു് ആധുനികലോകത്തിൽ താരതമ്യേന വിലമതിക്കപ്പെട്ടുവരുന്നതു്.

പക്ഷേ, തികച്ചും അലിഖിതമായ ഭരണഘടനകളില്ലാത്തതുപോലെതന്നെ, മുഴുവൻ ലിഖിതമായ ഭരണഘടനകളും ഇന്നില്ലത്രെ. അമേരിക്കൻ ഐക്യനാടുകളിൽ നിലവിലിരിക്കുന്ന ലിഖിതഭരണഘടനാ വ്യവസ്ഥകൾക്കു പോലും കാലാന്തരത്തിൽ പല വ്യതിയാനങ്ങളുണ്ടായിട്ടുള്ളതാണു്. അമേരിക്കൻ സുപ്രീംകോടതിയിലെ വിധികൾമൂലവും, അവിടുത്തെ കീഴ്നടപടികൾ മൂലവുമാണു്, ഈ വ്യതിയാനങ്ങളിൽ ചിലതു് നടപ്പിലായിട്ടുള്ളതു്. വേറെ ചിലവ ഭരണഘടന വ്യത്യാസപ്പെടുത്തുന്നതിനുള്ള

പ്രത്യേക വ്യവസ്ഥകളനുസരിച്ച് പിന്നീട വരുത്തപ്പെട്ടിട്ടുള്ളവയുമത്രേ.

അയവില്ലാത്തതും ലിഖിതവുമായ ഭരണഘടനാവ്യവസ്ഥകളാണ് പൗരാവകാശ സംരക്ഷണത്തിനും സാമൂഹ്യനീതിപരിപാലനത്തിനും കൂടുതൽ അനുയോജ്യമെന്നാണ് ഇന്നത്തെ പണ്ഡിതമതം. പക്ഷേ അവയിൽ കാലാനുകൂലമായ വ്യത്യാസങ്ങൾ വരുത്തുന്നതിനുവേണ്ട പ്രത്യേക വ്യവസ്ഥകൾകൂടി മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. അതുപോലെ ഭരണഘടനാ വ്യവസ്ഥകളെ വ്യാഖ്യാനിക്കുന്നതിനുവേണ്ടി യു. എസ്. ഏ. യിലെ സുപ്രീംകോടതിയുടെ മാതൃകയിൽ ഒരു ഭരണഘടനാ കോടതിയും ആവശ്യമത്രെ.

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ ഭരണഘടന മേൽ വിവരിച്ചപ്രകാരത്തിലുള്ള ലിഖിതവും അയവില്ലാത്തതുമായ ഒരു ഭരണവ്യവസ്ഥപ്രമാണമത്രെ. അനേകം ന്യൂനപക്ഷതാല്പര്യങ്ങളുള്ള ഒരു ജനകീയരാജ്യമാണല്ലോ ഇൻഡ്യാ. ആകയാൽ സുനിശ്ചിതവും ക്ലിപ്തവുമായ വ്യവസ്ഥകളെ ഉൾക്കൊള്ളുന്ന ഒരു ഭരണഘടനാപ്രമാണം ഇൻഡ്യയ്ക്കു് അത്യാവശ്യമത്രെ. എന്നാൽ ഈ പ്രമാണത്തിൽ തന്നെ ഈ ഭരണഘടനയെ വ്യത്യാസപ്പെടുത്തുന്നതിനുള്ള മാറ്റങ്ങളും വിധിച്ചുകാണുന്നുണ്ടു്. അതായതു് കേന്ദ്രനിയമസഭയിലെ മൊത്തം അംഗങ്ങളുടെ ഭൂരിപക്ഷവും, ഹാജരുള്ള അംഗങ്ങളുടെ മൂന്നിൽ രണ്ടംശത്തിൽ കുറയാത്ത ഭാഗവും, അഭിപ്രായപ്പെട്ടു പാസ്സാക്കുന്ന ഭേദഗതികൾക്കു് പ്രസിഡണ്ടിന്റെ സമ്മതം സിദ്ധിക്കുന്നപക്ഷം അവ അംഗീകരിക്കപ്പെടുമെന്നാണ് വ്യവസ്ഥ. എന്നാൽ പ്രാദേശിക ഭരണത്തെ പ്രത്യേകം സ്പർശിക്കുന്ന വേറെ ചില ഭേദഗതികൾക്കു് ആ പ്രദേശങ്ങളിലെ നിയമസഭകളുടെ ഭൂരിപക്ഷസമ്മതവുംകൂടി ആവശ്യമാണെന്നു വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ടു്.

അദ്ധ്യായം 4.

ജനകീയരാഷ്ട്രങ്ങളും രാഷ്ട്രീയകക്ഷികളും.

ജനകീയ രാഷ്ട്രങ്ങളിലെല്ലാം ഒന്നോ അതിലധികമോ രാഷ്ട്രീയകക്ഷികളുണ്ടായിരിക്കും. ഇംഗ്ലണ്ടിലാണെങ്കിൽ യാഥാസ്ഥിതികർ, ഉല്പതിഷ്ണുക്കൾ, തൊഴിലാളികൾ എന്നിങ്ങനെ പ്രധാനമായി മൂന്നു രാഷ്ട്രീയ കക്ഷികളുണ്ടു്. ഈ മൂന്നു കക്ഷികളുടെയും ലക്ഷ്യം ദേശീയപുരോഗതിതന്നെയാണ്. ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി അവർ അനുവർത്തിക്കുന്ന നയങ്ങളും സ്വീകരിക്കുന്ന തത്വങ്ങളും വിഭിന്നമാണെന്നു മാത്രമേ വ്യത്യാസമുള്ളു. യാഥാസ്ഥിതികന്മാരുടെ അഭിപ്രായം ഇപ്പോൾ നിലവിലിരിക്കുന്ന സമുദായ വ്യവസ്ഥിതിയിൽ ഗണ്യമായ പല നല്ലവശങ്ങളുണ്ടെന്നും അവയെ പുലർത്തിക്കൊണ്ടുപോകുകയാണ് രാജ്യക്ഷേമത്തിനു പ്രയോജനകരമെന്നും ആണ്. ഉല്പതിഷ്ണുക്കളുടെ അഭിപ്രായഗതിയാകട്ടെ കൂടുതൽ പുരോഗമനപരമായ പരിഷ്ക്കാരങ്ങൾ രാജ്യത്തിൽ നടപ്പിലാക്കണമെന്നാണ്. എന്നാൽ തൊഴിലാളി (ലേബർ) കക്ഷിയുടെ അഭിമതം (Socialistic) സ്ഥിതിസമത്വപരമായ വ്യതിയാനങ്ങൾ രാജ്യത്തിൽ വരുത്തണമെന്നാണ്.

ഈ മൂന്നു രാഷ്ട്രീയകക്ഷികൾക്കും ശക്തിയേറിയ സംഘടനകൾ, ഇംഗ്ലണ്ടിന്റെ തലസ്ഥാനമായ ലണ്ടൻ പട്ടണത്തിലും വിവിധ നിയോജകമണ്ഡലങ്ങളിലും ഉണ്ടു്. അവക്കു ലണ്ടനിലുള്ള കേന്ദ്രകാര്യാലയത്തിൽ, സ്ഥിരമായ ശമ്പളംപററി ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാരുണ്ടു്. അവർ പ്രാദേശിക കമ്മററികളുമായി എപ്പോഴും സമ്പക്കം പാലിക്കുകയും ജനങ്ങളുടെ ഇടയിൽ രാഷ്ട്രീയ പ്രചരണവേല നടത്തുകയും, കക്ഷിഫണ്ടിലേക്ക് ധനശേഖരം നടത്തുകയും ചെയ്യുന്നു. നിയമസഭാ തിരഞ്ഞെടുപ്പു സമീപിക്കുമ്പോൾ കേന്ദ്രകാര്യാലയത്തിലെ ഉപദേശമനുസരിച്ചു് പ്രാദേശിക നിയോജകസമിതികൾ, സ്ഥാനാത്ഥികളെ നിറുത്തുകയും അവരുടെ വിജയത്തിനുവേണ്ടി

സകല കഴിവുകളും പ്രയോഗിക്കുകയും ചെയ്യുന്നു. പാർല്യമെൻറിനുള്ളിലും വിവിധ രാഷ്ട്രീയ കക്ഷികൾക്കു കാര്യക്ഷമമായ സംഘടനയുണ്ട്. സഭയിൽ ഏതെങ്കിലും പ്രമേയങ്ങൾ വോട്ടിനിടേണ്ട ആവശ്യം നേരിടുമ്പോൾ തങ്ങളുടെ കക്ഷിയിൽപെട്ട അംഗങ്ങളെയെല്ലാം വിവരം അറിയിച്ചു വിളിച്ചുകൂട്ടുന്നതിനുവേണ്ടി ഓരോ കക്ഷിയിൽ നിന്നും "വിപ്പ്" (Whip) എന്നു പേരുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്.

ഇങ്ങനെ നിശ്ചിത രാഷ്ട്രീയ പരിപാടികളോടുകൂടി പ്രവത്തനം നടത്തുന്നതിനുവേണ്ടി, സ്വമേധയാ സംഘടിച്ചിട്ടുള്ള സമൂഹങ്ങളെയാണ് രാഷ്ട്രീയകക്ഷികൾ എന്നു വിളിച്ചുവരുന്നതു്. ഇങ്ങനെ രൂപവൽക്കരിക്കപ്പെടുന്ന രാഷ്ട്രീയ കക്ഷികളിലെ അംഗങ്ങൾ തമ്മിൽ തികച്ചും അഭേദ്യമായ അനുഭാവബന്ധവും മൈത്രിയും ഉത്ഭവിക്കുക പതിവാണ്.

കക്ഷി പ്രവത്തനങ്ങൾമൂലം ജനകീയ രാഷ്ട്രങ്ങളിലെ പൗരസഞ്ചയത്തിനു നാനാമുഖമായ രാഷ്ട്രീയാഭിവൃദ്ധി ഉളവാകുന്നുണ്ട്. അവയിൽ ചിലവയേ താഴെ വിവരിക്കുന്നു.

1) കക്ഷിപ്രവത്തനംമൂലം പൗരന്മാർക്കു രാഷ്ട്രീയ ശിക്ഷണം ലഭിക്കുന്നു. ജനകീയ രാഷ്ട്രങ്ങളുടെ വിജയകരമായ പ്രവത്തനം, പൗരന്മാരുടെ രാഷ്ട്രീയ ശിക്ഷണത്തെ ആശ്രയിച്ചാണിരിക്കുന്നതു്. പൗരന്മാർ തങ്ങളുടെ വോട്ടുകൾമൂലം യോഗ്യന്മാരായ സ്ഥാനാത്ഥികളെ തിരിഞ്ഞെടുക്കണമെങ്കിൽ അവക്കു തന്നെ രാഷ്ട്രീയ കാര്യങ്ങളിൽ നല്ല ശിക്ഷണം സിദ്ധിച്ചിരിക്കണമല്ലോ. ഈവിധ ശിക്ഷണം പൗരന്മാക്കു സിദ്ധിക്കുന്നതിനു്, രാഷ്ട്രീയ കക്ഷികളുടെ പ്രചരണജോലി വളരെ പ്രയോജനപ്പെടുന്നു. തിരിഞ്ഞെടുപ്പുമത്സരം ആരംഭിക്കുന്നതിനു മുൻപിൽ വിവിധ കക്ഷികളുടെ വകയായി നടക്കുന്ന ലഘുലേഖാവിതരണവും പ്രസംഗപരമ്പരകളും പത്രപ്രസ്താവനകളും റേഡിയോ പ്രഭാഷണങ്ങളുംമൂലം എത്ര അലസനായ പൗരനുപോലും സാമാന്യമായ രാഷ്ട്രീയ ശിക്ഷണം ലഭിക്കാതെ ഇരിക്കുകയില്ല.

2) രാഷ്ട്രീയ കക്ഷികൾ നിർവ്വഹിക്കുന്ന മറെറാരു ജോലി, ഒരു രാജ്യത്തിലെ പൗരന്മാരുടെ മൊത്തത്തിലുള്ള അഭിപ്രായം (General Will) അതു നിർണ്ണയിക്കുന്നു എന്നുള്ളതാണ്. ജനകീയ രാഷ്ട്രങ്ങളുടെ പരമോദ്ദേശ്യം പൊതുജനാഭിലാഷം കണ്ടുപിടിക്കുകയാണ്. കക്ഷിമത്സരംമൂലമുള്ള തിരിഞ്ഞെടുപ്പു നടക്കുന്നതുമൂലമാണ് പൊതുജനാഭിലാഷമെന്താണെന്നു നിർണ്ണയിക്കുവാൻ നമുക്കു സാധിക്കുന്നതു്. ഇപ്രകാരമുള്ള മത്സരങ്ങളില്ലായിരുന്നു എങ്കിൽ പൗരന്മാർക്കു വോട്ടു ചെയ്യുവാനുള്ള പ്രേരണപോലും ഉണ്ടാകുന്നതല്ല.

3) രാഷ്ട്രീയകക്ഷിസംഘടനമൂലമാണ് നിയമസഭാംഗങ്ങളുടെ സഭാപ്രവർത്തനം തന്നെയും കാര്യക്ഷമമായി നടന്നുകൊണ്ടിരിക്കുന്നതു്. അവ രാജ്യവ്യാപകമായ പൊതുജനാഭിപ്രായത്തെ രൂപവൽക്കരിക്കുകയും, ഏകീകരിക്കുകയും ചെയ്യുന്നു. രാഷ്ട്രീയ കക്ഷികളുടെ അച്ചടക്കനടപടി അനുസരിച്ചു്, ഒരേ കക്ഷിയിലെ അംഗങ്ങളെല്ലാം ഒരേ അഭിപ്രായം പിൻതാങ്ങുവാൻ ബാദ്ധ്യസ്ഥരാക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള കക്ഷിശിക്ഷണം ഇല്ലായിരുന്നു എങ്കിൽ ഇന്നത്തെ ജനപ്രതിനിധിസഭകളുടെ പ്രവർത്തനം ക്രമരഹിതമായി പോകുമായിരുന്നു എന്നാണ് പ്രഫസർ ലീകോക്ക് എന്ന മഹാൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

4) രാഷ്ട്രീയ കക്ഷികൾ കൊണ്ടുണ്ടായിട്ടുള്ള വേറൊരു പ്രയോജനം, നിർധനന്മാരും എന്നാൽ രാഷ്ട്രീയ പരിശീലനമുള്ളവരുമായ ആളുകൾക്കുകൂടി, രാഷ്ട്രീയ പ്രവർത്തനങ്ങൾക്കവസരം ലഭിക്കുന്നു എന്നുള്ളതാണ്. രാഷ്ട്രീയ തിരിഞ്ഞെടുപ്പുകൾ പലപ്പോഴും വളരെ വ്യയഹേതുകമാകയാൽ, നിർദ്ധനന്മാരായ സ്ഥാനാർത്ഥികൾക്കു്, സ്വന്തമായി പണം ചെലവുചെയ്തു നിയമസഭയിൽ എത്തി രാഷ്ട്രീയ സേവനം അനുഷ്ഠിക്കുവാൻ സാദ്ധ്യമല്ലാതെ വരുന്നു. അങ്ങനെയുള്ളവർക്കു്, അവരടങ്ങിയ രാഷ്ട്രീയ കക്ഷിയുടെ ഫണ്ടിൽനിന്നു ധനസഹായം ലഭിക്കുവാൻ സാധിക്കുമെന്നുള്ളതു് ഒരനുഗ്രഹമല്ലയോ?

രാഷ്ട്രീയകക്ഷികൾമൂലം ജനകീയ രാഷ്ട്രങ്ങൾക്കു മേൽപറഞ്ഞ ഗുണവിശേഷങ്ങൾ സിദ്ധിക്കുന്നുണ്ടെന്നുവരികിലും അവയ്ക്കു ചില ദോഷവശങ്ങളും സാധാരണ ആരോപിക്കപ്പെട്ടാറുണ്ട്. അവയിലൊന്നു കക്ഷിമാത്സര്യം മൂലം നിയമസഭാമന്ദിരങ്ങൾ വെറും രാഷ്ട്രീയ പോർക്കളങ്ങളായി തീരുമെന്നുള്ളതാണ്. തന്മൂലം രാജ്യനന്മയേക്കാൾ കൂടുതലായി ചില സാമാജികന്മാർ അഭിലഷിക്കുന്നതു് വ്യക്തിപരമായ നേട്ടങ്ങളാണെന്നു വരാം. രണ്ടാമതായി ആരോപിക്കപ്പെടുന്ന ദൂഷ്യം, ഓരോ കക്ഷിയും പൊതുജനങ്ങളുടെ പ്രശംസ ലഭിക്കുന്നതിനുവേണ്ടി രാജ്യക്ഷേമകരമല്ലാത്ത ഓരോ വാഗ്ദാനങ്ങൾ ചെയ്യുകയും, അവയെ പൂർത്തിയാക്കുന്നതിനുവേണ്ടി പൊതുമുതലിനെ ദുർവ്വിനിയോഗം ചെയ്യുകയും ചെയ്യുന്നു എന്നുള്ളതാണ്. ഓരോ രാഷ്ട്രീയ കക്ഷികളുടെയും നേതാക്കന്മാർ കൊടുക്കുന്ന നിർദ്ദേശമനുസരിച്ചു് അതിലെ അംഗങ്ങൾ പ്രവർത്തിക്കണം എന്നുള്ളതു് ഒരു നിർബന്ധ നടപടിയാകയാൽ നിയമസഭാംഗങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യം പലപ്പോഴും നഷ്ടീഭവിച്ചുപോകുന്നു എന്നുള്ളതാണ് വേറൊരു ദോഷാരോപണം. തന്മൂലം ഒരു രാഷ്ട്രീയ കക്ഷിയുടെ താല്പര്യങ്ങൾക്കുവേണ്ടി അതിലെ അംഗങ്ങൾ തങ്ങളുടെഅന്തഃകരണത്തെയും രാജ്യനന്മയേയുംകൂടി ചിലപ്പോൾ ബലികഴിക്കേണ്ടതായി വന്നുകൂടുംപോലും! വേറൊരു ഗുരുതരമായ ആരോപണം രാഷ്ട്രീയകക്ഷികൾ തങ്ങളുടെ കക്ഷിയിൽപെട്ട ധനികന്മാരുടെ സംഭാവനകൾ വാങ്ങുന്നതുകൊണ്ടു് അവർ പലപ്പോഴും ധനവാന്മാരോടു കടപ്പാടുള്ളവരായി തീരുകയും, തന്മൂലം രാജ്യത്തിൽ അഴിമതികൾ സംഭവിക്കാനിടയാകുകയും ചെയ്യുന്നു എന്നുള്ളതാണ്. മേൽപറഞ്ഞ ദോഷാരോപണങ്ങളിൽ അല്പസ്വല്പ വാസ്തവങ്ങളുണ്ടായിരിക്കാം. പക്ഷെ ഇവിടെ അവയെ അതിവർണ്ണനം ചെയ്തിരിക്കുകയാണെന്നാണ് പലരുടേയും അഭിപ്രായം.

രഷ്ട്രീയകക്ഷികളുടെ പ്രവർത്തനം ജനകീയരാഷ്ട്രങ്ങൾക്കു ദോഷഹേതുകമാണെന്നുള്ള ഭാവം ഒട്ടുംതന്നെ അനുവദനീയമല്ല. എന്തെന്നാൽ മനുഷ്യർ ഭിന്നരു

ചികളായിരിക്കുന്നിടത്തോളം കാലം, വിഭിന്നമായ അഭിപ്രായഗതികൾ ഉത്ഭവിക്കുക സഹജമാണു്. അങ്ങനെയുള്ള വിഭിന്നാഭിപ്രായങ്ങളെയെല്ലാം അടിച്ചമത്തി ഭരണം നടത്തിയിട്ടുള്ള രാഷ്ട്രങ്ങളായിരുന്നു, നാസിജെമ്മനിയും ഫാസിസ്റ്റ് ഇററലിയും. കമ്മ്യൂണിസ്റ്റ്റഷ്യയിലെ സ്ഥിതി ഇപ്പോഴും അങ്ങനെയാണല്ലോ. ഏകകക്ഷിരാഷ്ട്രങ്ങൾ അങ്ങനെ ഏകാധിപത്യരാഷ്ട്രങ്ങളായി രൂപാന്തരപ്പെടുകയും, അഴിമതിയുടെ നഗ്നരംഗമായി തീരുകയും ചെയ്യുകയാണു് പതിവു്.

നമ്മുടെ മാതൃഭൂമിയായ ഇൻഡ്യായൂണിയനിൽ സ്ഥിരമായ രാഷ്ട്രീയകക്ഷികൾ ഇതുവരെ രൂപമെടുത്തിട്ടില്ല. 1947-ാമാണ്ടുവരെ ഇൻഡ്യയിൽ പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ സംഘടന മാത്രമേ ഉണ്ടായിരുന്നുള്ളു. അതു് ഇൻഡ്യൻ നാഷനൽകോൺഗ്രസ്സുമായിരുന്നു. വിവിധാഭിപ്രായക്കാരായ ഇൻഡ്യൻ പൌരന്മാരെല്ലാം അന്നുവരെ ലക്ഷ്യംവച്ചിരുന്നതു് വിദേശീയഭരണത്തിൽനിന്നും മാതൃഭൂമിയെ മോചനംപ്രാപിപ്പിക്കണമെന്നു മാത്രമായിരുന്നു. മഹാത്മാഗാന്ധി, പണ്ഡിററ്നെഹ്റു, സർദാർപട്ടേൽ തുടങ്ങിയ മഹാന്മാരെല്ലാം ഈ സംഘടനയിലെ അംഗങ്ങളായിരുന്നു. സാമ്പത്തികവും സാമൂഹ്യവുമായ അടിസ്ഥാനത്തിന്മേലുള്ള രാഷ്ട്രീയകക്ഷിരൂപവൽക്കരണം ഇനിയും ഇൻഡ്യയിൽ സഫലമായിട്ടില്ല. കമ്മ്യൂണിസ്റ്റ്കക്ഷി, റാഡിക്കൽ ഡിമോക്രാററിക്കകക്ഷി, ഹിന്ദുമഹാസഭാകക്ഷി എന്നീ കക്ഷികൾ ഇൻഡ്യയിൽ ഇപ്പോഴുണ്ടെങ്കിലും അവയ്ക്കു പറയത്തക്ക രാഷ്ട്രീയപ്രാബല്യമൊന്നും ഇനിയും സിദ്ധിച്ചുകഴിഞ്ഞിട്ടില്ല. ആകയാൽ ഇൻഡ്യാ ഇന്നും ഒരു ഏകകക്ഷിരാഷ്ട്രമായിട്ടാണു് കഴിഞ്ഞുകൂടുന്നതെന്നു പറയണം.

കക്ഷിമത്സരംമൂലമുണ്ടാകുന്ന ദൂഷ്യങ്ങളെ താഴെക്കാണുന്നവിധത്തിൽ പരിഹരിക്കാവുന്നതാണു്.

1. രാഷ്ട്രീയവും സാമൂഹ്യവുമായ വിശാലതത്വങ്ങളെ ആസ്പദമാക്കിവേണം കക്ഷികൾ രൂപവൽക്കരിക്കേണ്ടതു്. അല്ലാതെ ഇടുങ്ങിയ വർഗ്ഗീയ അടിസ്ഥാനത്തിന്മേൽ അവയെ രൂപവൽക്കരിക്കരുതു്.

2) വിവിധകക്ഷികൾ തമ്മിൽ മൗലികവിഷയങ്ങളിൽ പരസ്പരധാരണയുണ്ടായിരിക്കുകയും, അവ തമ്മിൽ സമഭാവനയും സൗഹാർദ്ദബുദ്ധിയും പരിപാലിക്കുകയും വേണം.

3) കക്ഷിനേതാക്കന്മാർ നല്ല അറിവും ലോകപരിചയവും ഉള്ളവരും സ്വന്ത ലാഭത്തേക്കാൾ കൂടുതൽ രാജ്യനന്മയെ അഭിലഷിക്കുന്നവരും ആയിരിക്കണം.

4) വിവിധകക്ഷികളിലെ അംഗങ്ങൾ തങ്ങളുടെ വ്യക്തിസ്വാതന്ത്ര്യത്തെ ബലികഴിക്കാത്തവരും, എന്നാൽ തങ്ങളുടെ കക്ഷിയുടെനേരെ വിശ്വസ്തതയുള്ളവരും ആയിരിക്കണം.

5) പൗരന്മാർ സംസ്ക്കാരസമ്പന്നരും പൊതുക്കാര്യപ്രസക്തരും തങ്ങളുടെ പ്രതിനിധികളുടെ പ്രവർത്തനങ്ങളെ ശ്രദ്ധിച്ചു നിയന്ത്രിക്കുവാൻ പ്രാപ്തിയുള്ളവരും ആയിരിക്കണം.

6) അഴിമതിയും കൈക്കൂലിയും തടയുന്നതിനുവേണ്ട നിഷ്ക്കർഷയായ നിയമങ്ങൾ നാട്ടിൽ നടപ്പിലായിരിക്കണം.

7) ഉന്നതാദർശങ്ങളാൽ നയിക്കപ്പെട്ടവരും നിഷ്പക്ഷബുദ്ധികളും ആയ മഹാശയന്മാരുടെ നിർദ്ദേശങ്ങൾ കക്ഷിഭേദമില്ലാതെ സകലരും ബഹുമാനിക്കുകയും വേണം.

അദ്ധ്യായം 5.

ജനപ്രതിനിധിസഭകൾ.

1. തിരഞ്ഞെടുപ്പ്.

ഒരു ജനകീയരാഷ്ട്രത്തിൽ പൊതുജനാഭിപ്രായം പ്രകാശിക്കുന്നതു് ജനപ്രതിനിധിസഭകൾ മൂലമാണു്. രാഷ്ട്രങ്ങൾ ചെറുതായിരുന്നകാലത്തു്, സകല പൌരന്മാ

ക്കും അവരവരുടെ അഭിപ്രായങ്ങളെ നേരിട്ടു പ്രകടിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടായിരുന്നു. അങ്ങനെയുള്ള ചെറുനഗരരാഷ്ട്രങ്ങളായിരുന്നു പ്രാചീനകാലങ്ങളിൽ ഗ്രീസിലും റോമിലും ഇൻഡ്യയിലും ഉണ്ടായിരുന്നതു്. എന്നാൽ രാഷ്ട്രങ്ങൾ വിസ്തൃതമായി തീൎന്നതോടുകൂടി പൗരന്മാർ തങ്ങളുടെ പ്രതിനിധികളെ തിരിഞ്ഞെടുത്തു്, അവർമൂലം തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തേണ്ട ആവശ്യം നേരിട്ടു. ഇങ്ങനെയുള്ള തിരിഞ്ഞെടുപ്പുകൾ നടത്തുന്നതിനുവേണ്ടി ഓരോ രാജ്യത്തേയും ഇപ്പോൾ പല നിയോജകമണ്ഡലങ്ങളായി വിഭജിച്ചിരിക്കുന്നു. ഓരോ നിയോജകമണ്ഡലങ്ങളെയും പല വാർഡുകളായും തിരിച്ചിട്ടുണ്ടു്. ഓരോ വാർഡിലും പൗരന്മാർ നിശ്ചിതതീയതിയിൽ ഹാജരായി തങ്ങൾക്കു താല്പര്യമുള്ള വ്യക്തികൾക്കു്, വോട്ടു്, അഥവാ സമ്മതി, കൊടുക്കുകയും ചെയ്തുവരുന്നു. ഓരോ നിയോജകമണ്ഡലത്തിലും ഭൂരിപക്ഷം വോട്ടു ലഭിക്കുന്ന സ്ഥാനാൎത്ഥിയായിരിക്കും ആ നിയോജകമണ്ഡലത്തിലെ ജനപ്രതിനിധി. ഇങ്ങനെ രാജ്യമാസകലമുള്ള നിയോജകമണ്ഡലങ്ങളിൽനിന്നും തിരിഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ചേൎന്നാണു് ആ രാജ്യത്തിലെ ജനപ്രതിനിധിസഭ രൂപവൽക്കരിക്കപ്പെടുന്നതു്.

ജനപ്രതിനിധിസഭയിലെ ഭൂരിപക്ഷത്തിൻെറ ഭരണമാണു് ജനകീയഭരണം. ഈ ഭരണസമ്പ്രദായത്തിനു ചില ന്യൂനതകളുണ്ടെന്നുള്ളതു് സ്പഷ്ടമാണു്. ഒരു രാജ്യത്തിൽ ഭരണം നടത്തുന്നവർ ആ രാജ്യത്തിലെ സകല പൗരന്മാരുടെയും അഭിലാഷങ്ങളെയും അവകാശങ്ങളെയും സംരക്ഷിക്കേണ്ടതത്രെ. ഭൂരിപക്ഷത്തിൻെറ ഭരണം ന്യൂനപക്ഷതാല്പര്യങ്ങളെ എത്രത്തോളം സംരക്ഷിക്കുകയും ബഹുമാനിക്കുകയും ചെയ്യുമോ, അത്രകണ്ടു് രാജ്യത്തിൽ സമാധാനവും സംതൃപ്തിയും ഐശ്വര്യവും ഉണ്ടായിരിക്കുന്നതാണു്. അക്കാരണവശാൽ ചില ജനകീയരാഷ്ട്രങ്ങളിൽ ന്യൂനപക്ഷതാല്പര്യങ്ങളെ പ്രതിനിധീകരിക്കുന്നതിനുവേണ്ടി ചില പ്രത്യേകവ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. ഉദാഹരണമായി ഇൻഡ്യൻ ഭരണവ്യവസ്ഥയനുസരിച്ചു്, പട്ടിക ജാതിക്കാർ (അധഃകൃതവൎഗ്ഗക്കാർ) ക്കു് ജനപ്രതിനിധിസഭകളിൽ ഏതാനും കാ

ലത്തേക്കു് ചിലസ്ഥാനങ്ങൾ സംവരണംചെയ്തുകാണുന്നുണ്ടു്. അതിനുശേഷം അവർക്കും മററു പൗരന്മാരെപ്പോലെ ഉൽക്കർഷം പ്രാപിക്കാമെന്നാണു് പ്രതീക്ഷ.

ഒരു ജനകീയരാഷ്ട്രത്തിൽ ജനപ്രതിനിധികളെ തിരിഞ്ഞെടുക്കുന്നതിനുള്ള അവകാശം ഇപ്പോൾ പ്രായപൂർത്തിയായ സകല പൗരന്മാർക്കും, സ്ത്രീപുരുഷഭേദമോ, മതവർഗ്ഗഭേദമോ, പരിഗണിക്കാതെ കൊടുത്തുവരുന്നു. വിദേശികൾക്കും, മാനസിക രോഗികൾക്കും, ക്രിമിനൽപുള്ളികൾക്കും, പ്രായപൂർത്തി ആകാത്തവർക്കും, മററും മാത്രമേ സമ്മതിദാനാവകാശം നിഷേധിക്കപ്പെട്ടിട്ടുള്ളു. സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ചില യോഗ്യതകൾ സമ്മതിദായകന്മാർക്കുണ്ടായിരിക്കണമെന്നു്, മുൻകാലങ്ങളിൽ വ്യവസ്ഥയുമുണ്ടായിരുന്നു. അങ്ങനെയുള്ളവർക്കുമാത്രമേ വേണ്ടത്ര പൗരബോധവും ദേശഭക്തിയും ഉണ്ടാകുവാനിടയുള്ളു എന്നായിരുന്നു അന്നത്തെ സങ്കല്പം. എന്നാൽ സകല പൗരനും തൻെറ പ്രതിനിധിയെ തിരിഞ്ഞെടുക്കുന്നതിനു വേണ്ടിടത്തോളമുള്ള അറിവും ദേശാഭിമാനവും ഉണ്ടെന്നാണു് ഇപ്പോഴത്തെ വയ്പു്. തിരിഞ്ഞെടുപ്പു നടക്കുന്ന അവസരങ്ങളിൽ ഈ അവകാശത്തെ വേണ്ടവിധം പ്രയോഗിക്കുന്നതിനു്, സകല പൗരന്മാർക്കും ചുമതലയുള്ളതാണു്. ഈ അവകാശത്തെ ദുർവ്വിനിയോഗംചെയ്യുന്നതു് രാജ്യത്തോടുചെയ്യാവുന്ന വലിയ ഒരധർമ്മമായിരിക്കുകയും ചെയ്യും.

2. ഒരു മണ്ഡലമോ രണ്ടു മണ്ഡലമോ?

അമേരിക്കാ, ബ്രിട്ടൻ മുതലായ ജനകീയരാജ്യങ്ങളിലെ പ്രതിനിധിസഭകളിൽ രണ്ടു മണ്ഡലങ്ങൾ ഉണ്ടു്. അമേരിക്കൻ ഐക്യനാടുകളിലെ കോൺഗ്രസ്സു് എന്ന നിയമസമിതിയിൽ 96 മെംബറന്മാരുള്ള ഒരുപരിമണ്ഡലവും (സെനററും) 435 മെമ്പറന്മാരുള്ള ഒരു അധോ മണ്ഡലവും ഉണ്ടു്. സെനററിലെ അംഗങ്ങൾ 6 വത്സരത്തേക്കും അധോമണ്ഡലപ്രതിനിധികൾ 2 വത്സരത്തിലേക്കും തിരിഞ്ഞെടുക്കപ്പെടുന്നവരാണു്. ബ്രിട്ടനിലാണെങ്കിൽ

5 കൊല്ലത്തേക്കു തിരിഞ്ഞെടുക്കപ്പെടുന്ന 615 കോമൺസ് സഭാംഗങ്ങളും, ആജീവനാന്തം സ്ഥാനംവഹിക്കുന്ന 750 പ്രഭുസഭാംഗങ്ങളും ഉള്ളതാകുന്നു. ഇങ്ങനെയുള്ള ദ്വിമണ്ഡല നിയമസമിതികൾമൂലം വിപ്ലവകരമായ നിയമനിർമ്മാണം അവിടങ്ങളിൽ തടയപ്പെടുന്നു. എന്നുള്ളത് ഒരു മെച്ചമായി പരിഗണിക്കപ്പെട്ടുവരുന്നു. രണ്ടുമണ്ഡലങ്ങളിലും പാസ്സാക്കപ്പെടുന്ന പ്രമേയങ്ങൾ മാത്രമേ നടപ്പിൽവരുത്താവൂ എന്ന നിയമംമൂലം പുരോഗമനപരമായ നിയമങ്ങളൊന്നും നടപ്പിലാക്കാതെപോകുമെന്ന് പൊതുവെ ഒരാക്ഷേപവും ഇല്ലാതില്ല. ഏതായാലും ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ ഭരണഘടനയിൽ ചില സംസ്ഥാനങ്ങളിൽ ഏകമണ്ഡലനിയമസമിതികളും, വേറെ ചിലവയിൽ ദ്വിമണ്ഡലഭരണസമിതികളും നമുക്കു കാണാം. ഇൻഡ്യൻ പാർലമെൻറ് എന്നു വിളിക്കപ്പെടുന്ന കേന്ദ്രനിയമസമിതിയിൽ 250 അംഗങ്ങളുള്ള ഒരുപരിമണ്ഡലവും (Council of State) 500 അംഗങ്ങളുള്ള ഒരു അധോമണ്ഡലവും (House of People) ഉണ്ട്. ബീഹാർ, ബൊംബെ, മദ്രാസ്, പഞ്ചാബ്, യു. പി. പാശ്ചാത്യബംഗാൾ എന്നീ പ്രാദേശികസംസ്ഥാനങ്ങളിൽ ദ്വിമണ്ഡലനിയമസമിതികളുണ്ടെങ്കിലും, മററു സംസ്ഥാനങ്ങളിൽ ഏകമണ്ഡലസമിതികൾ മാത്രമേയുള്ളു. ഇപ്രകാരമുള്ള ഒരു വ്യവസ്ഥ ഇൻഡ്യൻഭരണഘടനയിൽ ചെയ്തിരിക്കുന്നതു്, ദ്വിമണ്ഡലസമിതികൾ അത്യാവശ്യമുള്ള സ്ഥലങ്ങളിൽമാത്രം സ്വീകരിക്കുന്നതിനുവേണ്ടിയത്രെ.

3. ഭരണകൂടത്രപവൽക്കരണം.

"ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനങ്ങളുടെ ഭരണം" എന്നാണല്ലോ ഏബ്രഹാം ലിങ്കൺ എന്ന മഹാൻ ജനകീയഭരണത്തെ നിർവ്വചിച്ചിരിക്കുന്നതു്. ഈ ആദർശം പ്രായോഗികമാക്കുന്നതിനുവേണ്ടിയത്രെ, പൗരന്മാർ തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുത്തു്, നിയമസഭകളിലേക്കയയ്ക്കുന്നതു്. പക്ഷെ പലപ്പോഴും നിയമസഭകൾ സാമാന്യം വിപുലമാണ്. അഞ്ഞൂറോ, അറുനൂ

ററിപ്പതിനഞ്ചോ, എഴുനൂററൻപതോ അംഗങ്ങളുള്ള നിയമസഭകൾക്ക് ആ നിലയിൽ ഭരണം ഏറെറടുത്തു നടത്തുവാൻ സാദ്ധ്യമല്ല. ആദ്യമായി ജനപ്രതിനിധികൾക്ക് ഒരു നേതാവുണ്ടാകണം. പിന്നീട് ആ നേതാവിനു വിശ്വാസമുള്ള ഏതാനും സഹപ്രവത്തകരെ അദ്ദേഹം സ്വയം തിരഞ്ഞെടുക്കണം. ആ നേതാവു പ്രധാനമന്ത്രിയും അയാളുടെ സഹപ്രവത്തകർ സഹമന്ത്രിമാരുമായി ഒരു മന്ത്രിസഭ രൂപവൽക്കരിക്കുകയും, അവർ രാജ്യഭരണം നടത്തുകയുമാണ്, ഗ്രേററുബ്രിട്ടൻ മുതലായ ജനകീയരാഷ്ട്രങ്ങളിലെ വഴക്കം. എന്നാൽ അമേരിക്കയിലെ പതിവ്, ഭരണഘടനാരൂപവൽക്കരണം, പ്രസിഡണ്ടിനു വിട്ടുകൊടുക്കുകയാണ്. അദ്ദേഹം തൻെറ സെക്രട്ടറിമാർ മുഖേനയാണ് വിവിധ ഭരണവകുപ്പുകളുടെ ഭരണം നടത്തിക്കൊണ്ടുപോകുന്നതു്.

4. എതിർകക്ഷികൾ.

ജനപ്രതിനിധിസഭകളിലെ ഭൂരിപക്ഷകക്ഷി, അവരുടെ കാര്യപരിപാടി അനുസരിച്ചുള്ള പ്രമേയങ്ങൾമുൻകൂട്ടി തയാർ ചെയ്തു്, നിയമസഭകളിൽ അവതരിപ്പിക്കുമ്പോൾ, അതിനെ സൂക്ഷ്മപരിശോധനചെയ്തു് വിമർശിച്ചു്, വേണ്ട വ്യത്യാസങ്ങൾ ചെയ്തു പാസ്സാക്കേണ്ടതു് രാജ്യക്ഷേമത്തിനാവശ്യമാണ്. ഇങ്ങനെ, സൃഷ്ടിപരമായ വിമർശനംമൂലം, ഭരണകാര്യങ്ങൾ ഭദ്രമാക്കേണ്ട ചുമതല, ജനപ്രതിനിധിസഭയിലെ എതിർകക്ഷി (Opposition Party) യുടേതാണ്. ഇങ്ങനെയുള്ള എതിർകക്ഷികൾ ഇല്ലാതിരിക്കുന്നപക്ഷം ജനകീയഭരണം, കേവലം സ്വേച്ഛാധികാരമായി തീരുവാനിടയുള്ളതത്രെ. ഇംഗ്ലണ്ടിലെ എതിർകക്ഷിനേതാവിനു് ആണ്ടിൽ ശമ്പളമായി 2000 പവൻ കൊടുത്തുവരുന്നുണ്ടു്. അദ്ദേഹം അനുഷ്ഠിക്കുന്ന സേവനത്തെ പരിഗണിച്ചുകൊണ്ടാണ് ഈ നടപടി സ്വീകരിച്ചുവരുന്നതു്. എന്നാൽ എതിർകക്ഷികൾ ഭരണകൂടത്തെ സ്ഥാനത്തും, അസ്ഥാനത്തും എതിർക്കുന്നതു വിഹിതമല്ല. രാജ്യനന്മയെ മുൻനിറുത്തി ന്യൂനപക്ഷീയരും ഭൂരിപക്ഷീയരും തമ്മിൽ എപ്പോഴും സൗഹാർദ്ദമായി സഹകരിക്കുന്നതിനു തയാറായിരിക്കേണ്ട

താണ്. ന്യൂനപക്ഷീയരുടെ വിമർശനങ്ങളെ ബഹുമാനപൂർവ്വം ശ്രദ്ധിക്കുന്നതിനും അവയെ ഔദാര്യപൂർവ്വം സ്വീകരിക്കുന്നതിനുമുള്ള സന്മനോഭാവം, പ്രാബല്യത്തിലിരിക്കുന്ന കക്ഷികൾ എപ്പോഴും പ്രദർശിപ്പിക്കേണ്ടതാണ്. യുദ്ധം മുതലായ പൊതുവിപത്തുകളുണ്ടാകുന്ന അവസരത്തിൽ എതിർകക്ഷികളും ഭരണകക്ഷികളും തമ്മിൽ പരിപൂർണ്ണസഹകരണമാണ് പ്രദർശിപ്പിക്കാറുള്ളത്.

അദ്ധ്യായം 6.

മന്ത്രിസഭ.

ഗ്രേറ്റുബ്രിട്ടനിലെ മാതൃകയനുസരിച്ചുള്ള ജയകീയ ഭരണത്തിൽ, രാജാവിന്റെ കീഴിൽ രാജ്യഭരണം നടത്തിക്കൊണ്ടിരിക്കുന്നത്, ക്യാബിനററ് അഥവാ മന്ത്രിസഭയാണ്. മന്ത്രിസഭയുടെ തലവൻ പ്രധാനമന്ത്രിയത്രെ. അദ്ദേഹമാണ് മന്ത്രിസഭയാകുന്ന ആർച്ചുപണിയുടെ ആണിക്കല്ല്, (The Prime Minister is the keystone of the Cabinet Arch) എന്നു സാധാരണ പറയപ്പെടുന്നു. മന്ത്രിസഭയെ നയിക്കുന്നതും നിയന്ത്രിക്കുന്നതും പ്രധാനമന്ത്രിയാണ്. പക്ഷെ സഹമന്ത്രിമാരുടെ ആത്മാർത്ഥസഹകരണമില്ലെങ്കിൽ പ്രധാനമന്ത്രിക്ക് സ്വയം രാജ്യഭരണത്തിൽ യാതൊരു സ്ഥാനവും ഉണ്ടായിരിക്കുന്നതല്ല.

ബ്രിട്ടനിൽ പ്രധാനമന്ത്രിയെ നിയമിക്കുന്നത് രാജാവാണ്. കോമൺസ് സഭയിൽ കൂടുതൽ പ്രാബല്യമുള്ള കക്ഷിയുടെ നേതാവിനെ ആയിരിക്കണം, രാജാവ് പ്രധാനമന്ത്രിയായി നിയമിക്കേണ്ടതെന്നു് നിർബന്ധമുണ്ട്. പക്ഷെ ഒരു കക്ഷിയ്ക്കും പ്രത്യക്ഷ ഭൂരിപക്ഷമില്ലാത്ത ചില സന്ദർഭങ്ങളുണ്ടാവാം. അങ്ങനെ വരുന്ന അവസരങ്ങളിൽ തന്റെ ഔചിത്യം പ്രയോഗിക്കുന്നതിന് രാജാവിനു് സ്വാതന്ത്ര്യമുണ്ട്. അസാധാരണ സന്ദർഭങ്ങളിൽ ഇങ്ങനെ

യുള്ള സ്വാതന്ത്ര്യം രാജാവിനു വിട്ടുകൊടുക്കാത്തപക്ഷം ഭരണത്തിൻെറ പ്രശാന്തമായ തുടർച്ചയ്ക്കു ഹാനിവരുന്നതാണു്. 1931-ൽ ജോർജ്ജ് പഞ്ചമൻ രാജാവു് ഇപ്രകാരമൊരു സ്വാതന്ത്ര്യം പ്രയോഗിക്കുകയുണ്ടായി. അന്നത്തെ ലേബർ പാർട്ടി നേതാവായിരുന്ന മി. മക്ക്ഡൊനാൽഡിനെ നേതൃസ്ഥാനത്തുനിന്നും ആ കക്ഷി നിഷ്ക്കാസനം ചെയ്ത അവസരത്തിൽ, ജോർജ്ജ് രാജാവു് തൻെറ ഔചിത്യവും സ്വാധീനവും ഉപയോഗിച്ചു്, അദ്ദേഹത്തെത്തന്നെ പ്രധാനമന്ത്രിസ്ഥാനത്തുറപ്പിച്ചു നിറുത്തുകയും, മററു രാഷ്ട്രീയ കക്ഷികളുടെ സഹകരണം അദ്ദേഹത്തിനു സമ്പാദിച്ചുകൊടുക്കുകയും ചെയ്തു. രാജാവിൻെറ കാലോചിതമായ ഈ പ്രവൃത്തി രാജ്യവ്യാപകമായി അനുമോദിക്കപ്പെടുകയാണുണ്ടായതു്. പക്ഷെ ഇങ്ങനെയുള്ള രാജകീയ പ്രവൎത്തനങ്ങൾ അപൂൎവ്വമായിട്ടു മാത്രമേ സംഭവിക്കാറുള്ളു.

ബ്രിട്ടീഷ് മാതൃകയിലുള്ള മന്ത്രിസഭയ്ക്കു താഴെപ്പറയുന്ന ലക്ഷണങ്ങളുണ്ടു്.

1) പാർല്യമെൻറിൽ ഭൂരിപക്ഷമുള്ള കക്ഷിയിൽനിന്നുമാണു് സാധാരണ മന്ത്രിസഭാംഗങ്ങളെ തിരിഞ്ഞെടുക്കുന്നതു്. അങ്ങനെ ചെയ്യുന്നതു് നിയമനിൎമ്മാണവിഭാഗവും ഭരണക്കൂടവും തമ്മിൽ എപ്പോഴും സൗഹാർദ്ദബന്ധം പാലിക്കുന്നതിനുവേണ്ടിയാണു്. ഇപ്രകാരം മന്ത്രിസഭകൾ രൂപവൽക്കരിക്കുന്നതുമൂലം എക്സിക്യൂട്ടീവു വിഭാഗവും നിയമനിൎമ്മാണവിഭാഗവും തമ്മിൽ അഭിപ്രായഭിന്നത ഉണ്ടായിരിക്കുന്നതല്ലല്ലോ.

2) മന്ത്രിസഭയിലെ അംഗങ്ങളെല്ലാം ഒരേ രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരോ, തികച്ചും അഭിപ്രായസാമ്യമുള്ളവരോ ആയിരിക്കണം. അല്ലാത്തപക്ഷം മന്ത്രിസഭാംഗങ്ങളുടെ ഇടയിൽതന്നെ അഭിപ്രായഭിന്നത ഉൽഭവിക്കുന്നതിനിടയുള്ളതാണല്ലോ.

3) ഏതെങ്കിലും ഒരു മന്ത്രിയുടെ പേരിൽ അവിശ്വാസപ്രമേയം പാസ്സായാൽ മന്ത്രിസഭ ഒന്നാകെ രാജിവയ്ക്കണമെന്നാണു് വഴക്കം. വിദ്യാഭ്യാസമന്ത്രിയുടെ പ്രവൃത്തിയിൽ അവിശ്വാസം തോന്നിയാൽ, വ്യവസായമന്ത്രിയോ

ധനകാര്യമന്ത്രിയോ എന്തിനു രാജി സമർപ്പിക്കണമെന്നുള്ള ചോദ്യത്തിനു പ്രസക്തിയില്ല. മന്ത്രിസഭാംഗങ്ങളെല്ലാം ഒരുമിച്ചു നിൽക്കുകയോ വീഴുകയോ ചെയ്യണമെന്നാണ് നടപടി.

4) പ്രധാനമന്ത്രിയുടെ നിയന്ത്രണമനുസരിച്ച് സഹമന്ത്രിമാർ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും ഒരു സഹമന്ത്രിയുടെ അഭിപ്രായം പ്രധാനമന്ത്രിയുടെ അഭിപ്രായത്തിൽനിന്നും വ്യത്യസ്തമായി കണ്ടാൽ ആ സഹമന്ത്രി രാജിസമർപ്പിക്കണമെന്നു പറയുവാൻ പ്രധാനമന്ത്രിക്കധികാരമുണ്ട്. മന്ത്രിസഭയുടെ സമ്മേളനങ്ങളിൽ ധാരാളം അഭിപ്രായസ്വാതന്ത്ര്യമുണ്ടായിരിക്കാം. പക്ഷെ അംഗങ്ങൾ തമ്മിൽ മൗലികമായ അഭിപ്രായ വ്യത്യാസങ്ങൾ തുടന്നു കൊണ്ടുപോകുന്ന പക്ഷം, തന്മൂലം മന്ത്രിസഭയുടെ യോജിപ്പിനും നിലനില്പിനും ഹാനിയുണ്ടാകും. അതുകൊണ്ടാണ് ഇങ്ങനെയുള്ള നിയന്ത്രണാധികാരം പ്രധാനമന്ത്രിക്കു നൽകിയിരിക്കുന്നത്.

5) രാജാവാണ് പ്രധാനമന്ത്രിയേയും സഹമന്ത്രിമാരേയും നിയമിക്കുന്നതെങ്കിലും മന്ത്രിസഭയുടെ ആലോചനകളിലും തീരുമാനങ്ങളിലും രാജാവിനു യാതൊരു പങ്കുമില്ല. പക്ഷെ അപ്പോഴപ്പോൾ രാജാവിനെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനും, രാജാവിൻെറ ഉപദേശങ്ങളെ ആദരപൂർവ്വം ശ്രവിക്കുന്നതിനും പ്രധാനമന്ത്രിക്കു ചുമതലയുണ്ട്.

പ്രധാനമന്ത്രിയുടെ നിയമനം ഇങ്ങനെ നടന്നു കഴിഞ്ഞാൽ ഇതരമന്ത്രിമാരെ തിരിഞ്ഞെടുക്കുന്നതിനുള്ള അവകാശം പ്രധാനമന്ത്രിക്കുള്ളതാണ്. ബ്രിട്ടീഷ് പ്രധാനമന്ത്രി തൻെറ സ്ഥാനം ഏറെറടുത്തു കഴിഞ്ഞാലുടൻ അദ്ദേഹം തനിക്കു വിശ്വാസമുള്ളവരായ 65 പാർലമെൻറ സാമാജികന്മാരെ തൻെറ സഹമന്ത്രിമാരായി തിരിഞ്ഞെടുക്കുന്നു. ഇവരിൽ ഓരോരുത്തർക്കും, ഒന്നോ അതിലധികമോ വകുപ്പുകളുടെ ഭരണം വീതിച്ചുകൊടുക്കുകയാണ് പതിവ്. ഇവയിൽ പ്രധാന ഡിപ്പാർട്ടുമെൻറുകളുടെ ചാർജ്ജു വഹിക്കുന്നത്, പ്രധാനമന്ത്രിയെക്കൂടാതെ 23 മന്ത്രിമാരാണ്. ഇവരാണ് ക്യാബിനററ് അഥ

വാ മന്ത്രിസഭയിലെ അംഗങ്ങൾ. ധനകാര്യം, വാണിജ്യം, സൈനികം, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, കൃഷി, മത്സ്യബന്ധനം, ഗതാഗതം, തപാൽ മുതലായ വകുപ്പുകൾക്കു പ്രാധാന്യം കല്പിക്കപ്പെട്ടിരിക്കുന്നു. വകുപ്പുഭരണമില്ലാത്ത മന്ത്രിമാർക്കും മന്ത്രിസഭയിൽ സ്ഥാനം കല്പിക്കപ്പെടാറുണ്ടു്. ഈ സഹമന്ത്രിമാരുടെ തിരിഞ്ഞെടുപ്പു് പ്രധാനമന്ത്രി, രാജസമക്ഷം ശുപാശ് ചെയ്യുകയും, രാജാവു് ആ ശുപാശയെ സ്വീകരിച്ചു നിയമനം നടത്തുകയുമാണു പതിവു്.

മിക്കവാറും മേൽ പ്രസ്താവിച്ച വിധത്തിലുള്ള ഒരു മന്ത്രിസഭയാണു് ഇൻഡ്യൻ റിപ്പബ്ലിക്കിലും നിലവിലിരിക്കുന്നതു്. ഇവിടെ രാജാവില്ലാത്തതുകൊണ്ടു് ആ സ്ഥാനം വഹിക്കുന്നതു് ഇൻഡ്യാ യൂണിയൻ പ്രസിഡണ്ടാണെന്നുള്ള വ്യത്യാസം മാത്രമേ പ്രത്യേകം പ്രസ്താവിക്കാനുള്ളു.

മന്ത്രിസഭയെപ്പററി മേൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങളിൽ അധികഭാഗവും സാധാരണ സമാധാന കാലങ്ങളിലെ നടപടികളാണു്. എന്നാൽ യുദ്ധം മുതലായ അടിയന്തിര കാലഘട്ടങ്ങളിലെ നടപടികൾ വ്യത്യസ്തമായിരിക്കും.

ഉദാഹരണമായി രണ്ടാം ലോകമഹായുദ്ധകാലത്തു്, യുദ്ധനടത്തിപ്പിലേയ്ക്കുവേണ്ടി (War Cabinet) യുദ്ധമന്ത്രിസഭ, എന്ന പേരിൽ അഞ്ചുപേരടങ്ങിയ ഒരു മന്ത്രിസഭ, പ്രധാനമന്ത്രി ആയിരുന്ന ചർച്ചിൽ രൂപീകരിച്ചു നടത്തുകയുണ്ടായി. ഇങ്ങനെ മന്ത്രിസഭയുടെ അംഗങ്ങളെ ചുരുക്കുന്ന പതിവു് യുദ്ധകാലങ്ങളിൽ ജനപ്രതിനിധികൾ അനുവദിച്ചിരുന്നു എങ്കിലും സമാധാന കാലങ്ങളിൽ അതു തുടരുവാൻ ജനങ്ങൾ അനുവദിക്കാറില്ല.

ഒരേ രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവർ തന്നെയാണു് സാധാരണ മന്ത്രിസഭാംഗങ്ങളെന്നുവരികിലും, ദേശീയാപകടങ്ങൾ നിലവിലിരിക്കുന്ന സന്ദർഭങ്ങളിൽ എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പ്രതിനിധികളെ ചേർത്തുള്ള (Coalition Ministries) സംയുക്തമന്ത്രിസഭകളും കൂടാറുണ്ടു്. മുൻപ്രസ്താവിച്ച യുദ്ധകാലത്തെ ചർച്ചിൽ മന്ത്രിസഭയിൽ ലേബർ നേതാവായ ആററ്ലിയും, യാഥാസ്ഥിതി

ക നേതാവായിരുന്ന ചേംബർലെയിനും പ്രഭുസഭാംഗമായ ഹാലിഫാക്സും ഉണ്ടായിരുന്നതു് ഇതിനൊരുദാഹരണമാണു്.

അദ്ധ്യായം 7.

മന്ത്രിസഭ നിർവഹിക്കുന്ന ജോലികൾ.

ക്യാബിനററ് അഥവാ മന്ത്രിസഭ ആണു് ബ്രിട്ടീഷു കോമൺവെൽത്തിൻെറ ഭരണസാരഥ്യം വഹിക്കുന്നതെന്നു മൊത്തത്തിൽ പറയാം. ബ്രിട്ടീഷുഗവണ്മെൻറിൽ 24 പ്രധാന ഡിപ്പാർട്ടുമെൻറുള്ളതായി നാം മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവയെ രാഷ്ട്രീയം, സാമ്പത്തികം, സാമൂഹ്യം എന്നിങ്ങനെ മൂന്നായി വിഭജിക്കാം.

രാഷ്ട്റീയവിഭാഗത്തിൽപ്പെട്ട ഡിപ്പാർട്ടുമെൻറുകൾ, വിദേശകാര്യാലയം (Foreign Office), യുദ്ധകാര്യാലയം (War Office), സൈനികകാര്യാലയം (Admiralty), ആഭ്യന്തരകാര്യാലയം, (Home Office) എന്നിവയാകുന്നു. സാമ്പത്തികവിഭാഗത്തിൽപ്പെട്ട ഡിപ്പാർട്ടുമെൻറുകൾ, ധനകാര്യവകുപ്പും വാണിജ്യബോർഡും (Board of Trade) തൊഴിൽ, കൃഷി, മത്സ്യബന്ധനം എന്നീ വകുപ്പുകളുമാകുന്നു. സാമൂഹ്യവിഭാഗത്തിൽപ്പെട്ട പ്രധാന ഡിപ്പാർട്ടുമെൻറുകൾ, പൊതുജനാരോഗ്യവും വിദ്യാഭ്യാസബോർഡും അത്രെ. ഈ വകുപ്പുകളുടെ നിയന്ത്രണം മന്ത്രിസഭാംഗങ്ങളുടെ നേരെകീഴിലായിരിക്കുന്നതുകൊണ്ടും മററുവകപ്പുകളുടെ ഭരണം നിയന്ത്രിക്കാൻ ഇവക്കധികാരമുള്ളതുകൊണ്ടും, രാജ്യത്തിലെ സകലവിധ ഭരണവും ജനഹിതമനുസരിച്ചു നടത്തുവാൻ ബ്രിട്ടീഷു മന്ത്രിസഭാംഗങ്ങൾക്കു സാധിക്കുന്നു.

ഉദാഹരണമായി പ്രാധാനമന്ത്രിമാർ സ്വന്തനിലയിൽ ഭരണംനടത്തുന്ന ധനകാര്യവകുപ്പി (Treasury) ൻെറ പ്രവർത്തനത്തെ നമുക്കു പരിശോധിച്ചുനോക്കാം,

ഓരോ വകുപ്പിന്റെയും ഭരണംനടത്തുന്ന ഉദ്യോഗസ്ഥന്മാരുടെ യോഗ്യതയും ശമ്പളവും നിശ്ചയിക്കുന്നതു് ഈ വകുപ്പിന്റെ മന്ത്രിയായതുകൊണ്ടു് അദ്ദേഹത്തിനു സകല ഡിപ്പാർട്ടുമെന്റുകളുടേയും പ്രവൎത്തനങ്ങളെ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സാധിക്കുന്നു. അതുപോലെതന്നെ കടൽച്ചുങ്കം, ഭൂനികുതി, കമ്പി തപാൽ മുതലായ ഇനങ്ങളിലുള്ള നികുതിപിരിവു്, ബാങ്കിങ്ങ് നിയന്ത്രണം, മുതലായവ ഒക്കെയും ഈ വകുപ്പദ്ധ്യക്ഷന്റെ മേൽനോട്ടത്തിൽ ഉൾപ്പെടുന്നു. അങ്ങനെ ജനഹിതമനുസരിച്ചുതന്നെ ഈവക കാൎയ്യങ്ങൾ നടത്തുന്നതിനു് തന്മൂലം സാദ്ധ്യമായിത്തീരുന്നു.

ഇതുപോലെതന്നെ, രാജ്യരക്ഷയെ സംബന്ധിക്കുന്ന സകല വകുപ്പുകളും സൈനിക (Admiralty) മന്ത്രിയുടെ കീഴിൽ ചേരുന്നതാണു്. നാവികപ്പട, വിമാനപ്പട, യുദ്ധകാൎയ്യാലയം ഇവയുടെ മേൽനോട്ടവും നിയന്ത്രണവും പരിപോഷണവുമെല്ലാം നടത്തുന്നതിനുള്ള ഭാരം വഹിക്കുന്ന ക്യാബിനററ മെംബർ, ഫസ്റ്റ് ലോർഡ് ഓഫ് ദി അഡ്മിറൽടി എന്ന പേരിൽ അറിയപ്പെടുന്നു.

ബ്രിട്ടീഷു ഗവൺമെൻറിന്റെ വിദേശ കാൎയ്യങ്ങളെല്ലാം അന്വേഷിക്കുകയും, വിദേശ ഗവൺമെൻറുകളുമായി എഴുത്തുകുത്തുകൾ നടത്തുകയും രാജ്യപ്രതിനിധികളെ പരസ്പരം വിനിമയം ചെയ്യുകയും, മററും ചെയ്യുന്ന വിദേശവകുപ്പിന്റെ നിയന്ത്രണം നടത്തുന്നതു് വിദേശകാൎയ്യമന്ത്രിയാണു്. വളരെ പ്രാധാന്യമർഹിക്കുന്ന ഈ വകുപ്പിന്റെ സകല പ്രവൎത്തനങ്ങളിലും വിദേശകാൎയ്യമന്ത്രി, പ്രധാനമന്ത്രിയുടെ അറിവും സമ്മതവും വാങ്ങിയിരിക്കേണ്ടതാണു്. ആസ്ത്രേലിയാ, ക്യാനഡാ, തുടങ്ങിയുള്ള ബ്രിട്ടീഷ് ഉപരാജ്യങ്ങളുടേയും കോളണികളുടേയും നിയന്ത്രണം വഹിക്കുന്ന വകുപ്പുകളുടെ അദ്ധ്യക്ഷന്മാരും ബ്രിട്ടീഷു മന്ത്രിസഭയിൽ ഉൾപ്പെടുന്നു. അതുകൊണ്ടു് ആവക കാൎയ്യങ്ങളിലും ജനഹിതമനുസരിച്ചുള്ള ഭരണം നടപ്പിലാക്കാൻ മന്ത്രിസഭയ്ക്കു സാധിക്കുന്നു.

മന്ത്രിസഭയിലെ വേറൊരു പ്രധാന അംഗമാണു് ആഭ്യന്തര കാൎയ്യമന്ത്രി (Home Minister). ബ്രിട്ടീഷ് രാജാ

വിൻെറ പേക്കുള്ള അപേക്ഷകൾ സ്വീകരിച്ചു രാജസമക്ഷം സമർപ്പിക്കുക, രാജകീയ സൗജന്യം അർഹിക്കുന്ന കേസുകളെപ്പററി റിപ്പോർട്ടു തയാറാക്കുക, ലണ്ടനിലെ പോലീസുഭരണം നിയന്ത്രിക്കുക, നാടകശാലകൾ, സിനിമാഹാളുകൾ, മദ്യപാനം, ചിത്തഭ്രമം, അബ്കാരി ഇവയെപ്പററി മേലന്വേഷണം നടത്തുക മുതലായവയാണ് ആഭ്യന്തരകാര്യമന്ത്രി നിർവ്വഹിക്കുന്ന ചുമതലകൾ. ഈ വിഷയങ്ങളിലെല്ലാം അപ്പോഴപ്പോൾ പാർല്യമെൻറു മെംബറന്മാർ പാസ്സാക്കുന്ന നിയമങ്ങളെ നടപ്പിൽ വരുത്തുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധാലുവായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

സാമ്പത്തിക വകുപ്പുകളായ വാണിജ്യം, ഗതാഗതം, കൃഷി, മത്സ്യബന്ധനം, തൊഴിൽ ഇവയുടെ നിയന്ത്രണം വഹിക്കുന്ന മന്ത്രിമാരും മന്ത്രിസഭയിലുണ്ട്. ആകയാൽ ഈ സാമ്പത്തിക വകുപ്പുകളിൽ ജനങ്ങളുടെ അഭിലാഷത്തെ പുരസ്ക്കരിച്ചുള്ള നിയന്ത്രണങ്ങളും പരിഷ്കാരങ്ങളും നടപ്പിലാക്കുന്നതിനുള്ള സകല സൗകര്യങ്ങളും മന്ത്രിസഭയ്ക്കു സിദ്ധിക്കുന്നു.

സാമൂഹ്യക്ഷേമത്തെ കൈവരുത്തുന്നതിനുവേണ്ടിയുള്ള ഭരണവകുപ്പുകളാണ് പൊതുജനാരോഗ്യം, വിദ്യാഭ്യാസം മുതലായവ. ശിശുക്കളുടേയും മാതാക്കളുടേയും ആരോഗ്യ പരിപാലനം, സ്കൂൾ കുട്ടികളുടെ ആരോഗ്യപരിശോധന, അംഗഭംഗപ്പെട്ട സൈനികോദ്യോഗസ്ഥന്മാരുടെ ആരോഗ്യസ്ഥിതി, വിദ്യാലയങ്ങളുടെ പരിശോധന, അവയ്ക്കുള്ള ധനസഹായം, മുതലായ പല കാര്യങ്ങളും അന്വേഷിച്ച്, ജനഹിതമനുസരിച്ച്, ഈ വകുപ്പുനിയന്ത്രണം ചെയ്യുന്നതിനുള്ള ഭാരം ഒരു ക്യാബിനററു വഹിക്കുന്നു. അതുകൊണ്ട് ഈവക കാര്യങ്ങളിലെല്ലാം ഇംഗ്ലണ്ടിൽ സാക്ഷാത്തായ ജനകീയ ഭരണമാണ് നടന്നുവരുന്നതു്.

ജനകീയ ഭരണത്തെ മസ്സീനി എന്ന ഇററാലിയൻ രാഷ്ട്രീയ ചിന്തകൻ നിർവ്വചിച്ചിരിക്കുന്നതു്, (The Progress of all through all, under the leadership of the wisest and the best.) ഏററം വിജ്ഞന്മാരുടേ

യും ഉത്തമന്മാരുടേയും തത്വത്തിൽ സകലരിലും കൂടിയുള്ള സകലരുടേയും അഭിവൃദ്ധി എന്നാണ്. ഇതിന്റെ അൎത്ഥം ശരിയായി മനസ്സിലാക്കുന്നതിന് ബ്രിട്ടീഷുകാരുടെ ജനകീയ ഭരണക്രമം സൂക്ഷിച്ചു പരിശോധിച്ചാൽ മതിയാകും. മന്ത്രിസഭാംഗങ്ങളാണ് ബ്രിട്ടനിലുള്ളതിലേക്കും ഉത്തമന്മാരും വിജ്ഞാനികളുമെന്നു വിചാരിക്കണം. അല്ലാത്തപക്ഷം ജനപ്രതിനിധികൾ അവരെ ഭരണകൎത്താക്കളായി തിരിഞ്ഞെടുക്കുവാനിടയില്ലല്ലോ. ഇങ്ങനെ ജനപ്രതിനിധികളാൽ തിരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭാംഗങ്ങൾ എപ്പോഴും ജനഹിതത്തെ ആരാഞ്ഞുകൊണ്ടാണ് ഭരണം തുടൎന്നുകൊണ്ടുപോകേണ്ടത്. അവർ ലണ്ടൻ പട്ടണത്തിൽ സ്ഥിരവാസം ചെയ്യുകയും കൂടെക്കൂടെ സമ്മേളിക്കുകയും ആശയ വിനിമയം ചെയ്യുകയും ചെയ്യുന്നു. അവർ അപ്പോഴപ്പോൾ രൂപവൽക്കരിക്കുന്ന ഭരണനയങ്ങളെല്ലാം എപ്പോഴും രഹസ്യമായി വച്ചുകൊണ്ടിരിക്കുന്നതല്ല. അവർ ഈവക കാൎയ്യങ്ങൾ തങ്ങളുടെ കക്ഷി നേതാക്കളുമായി ആലോചിക്കുകയും ആവശ്യമെന്നു തോന്നുന്ന വിഷയങ്ങളിൽ പാർല്യമെന്റിന്റെ സമ്മതം വാങ്ങുകയുംചെയ്യുന്നു. സ്വന്ത കക്ഷിയിൽപെട്ട പാർല്യമെന്റുമെമ്പറന്മാരുടെ സഹകരണം അവൎക്കു സാമാന്യേന ഉണ്ടായിരിക്കുന്നതാകയാൽ, ക്യാബിനററു് ഭരണം വളരെ സുശക്തമാണെന്നുവേണം പറയുവാൻ. പക്ഷെ ക്യാബിനററംഗങ്ങൾ എപ്പോഴും പൊതുജനാഭിപ്രായത്തെ സമാദരിച്ചു പ്രവൎത്തിക്കുവാൻ ബാദ്ധ്യസ്ഥരത്രെ. അല്ലാത്തപക്ഷം അവരുടെ പേരിൽ ജനപ്രതിനിധികൾ അവിശ്വാസപ്രമേയം പാസ്സാക്കുന്നതിനും അതുമൂലം അവരുടെ സ്ഥാനം നഷ്ടപ്പെടുന്നതിനും ഇടയുള്ളതത്രെ.

അദ്ധ്യായം 8.

ജനകീയരാഷ്ട്രത്തിൽ പ്രസ്സിനുള്ള സ്ഥാനം.

ജനകീയരാഷ്ട്രങ്ങളിൽ ഭരണംനടത്തുന്നതു് പൊതുജനാഭിപ്രായത്തെ അടിസ്ഥാനമാക്കിയാണു്. അല്ലാതെ ഭരണാധിപത്യം വഹിക്കുന്ന ഒന്നോ അതിലധികമോ വ്യക്തികളുടെ ആശയഗതിയനുസരിച്ചല്ല. പൊതുജനാഭിപ്രായം രൂപവൽക്കരിക്കുന്നതിനുള്ള വിവിധമാർഗ്ഗങ്ങളിൽ ഏററം പ്രധാനപ്പെട്ട ഒന്നത്രെ വിവിധകക്ഷികൾതമ്മിൽ തിരിഞ്ഞെടുപ്പുമത്സരങ്ങൾ നടത്തുന്നതും, ജനപ്രതിനിധികളുടെ ഇടയിൽനിന്നും ഭരണക്കൂടത്തെ തിരിഞ്ഞെടുത്തു് അവർമൂലം ഭരണംനടത്തുന്നതും. എന്നാൽ ഇതുകൊണ്ടും പൊതുജനാഭിപ്രായം പൂർണ്ണമായി രൂപമെടുത്തു എന്നുവരുന്നതല്ല. അതിനുള്ള ഫലപ്രദമായ മറെറാരുപാധിയാണു് വിദഗ്ദ്ധന്മാരുടെ നേതൃത്വത്തിൽ, പത്രങ്ങൾ, മാസികകൾ, ലഘുലേഖകൾ, പുസ്തകങ്ങൾ ഇവ പ്രസിദ്ധീകരിക്കുന്നതും പ്രചരിപ്പിക്കുന്നതും. ഇവയെല്ലാം മൊത്തത്തിൽകൊടുക്കുന്ന പേരാണു് പ്രസ്സ് അഥവാ പ്രസിദ്ധീകരണങ്ങൾ എന്നതു്.

രാഷ്ട്രീയലോകത്തിൽ അന്നന്നു നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെല്ലാം ശരിയായി പഠിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന ചിന്തകന്മാരും പത്രപ്രവർത്തകന്മാരും രാഷ്ട്രീയ നേതാക്കളുമാണു്, മേല്പറഞ്ഞതരത്തിലുള്ള വിദഗ്ദ്ധപ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിക്കേണ്ടതു്. അവർ ശരിയായവസ്തുതകൾ ശേഖരിക്കുകയും അവയെ താരതമ്യപ്പെടുത്തുകയും ഗുണദോഷവിവേചനം ചെയ്യുകയും ചെയ്യുന്നു. അഭ്യസ്തവിദ്യരായ പൗരന്മാരിൽ ഭൂരിപക്ഷവും വിദഗ്ദ്ധന്മാർ രചിക്കുന്ന ഈദൃശപ്രസിദ്ധീകരണങ്ങളെ വായിക്കുകയും അതിൻെറ ഫലമായി സ്വന്ത അഭിപ്രായങ്ങൾ രൂപവൽക്കരിക്കുകയും ചെയ്യുന്നു. ഇങ്ങനെയാണു് ജനകീയരാഷ്ട്രങ്ങളിൽ പൊതുജനാഭിപ്രായം രൂപവൽക്കരിക്കപ്പെടുന്നതു്. സ്വന്തമായി അഭിപ്രായം രൂപവൽ

ക്കരിക്കാൻ പ്രാപ്തിയില്ലാത്തവർ എല്ലാരാജ്യത്തിലും ധാരാളം ഉണ്ടായിരിക്കും. അങ്ങനെയുള്ളവർ, അവർക്കു വിശ്വാസമുള്ള ഇതരന്മാരുടെ അഭിപ്രായങ്ങളെ സ്വയം സ്വീകരിച്ചുകൊള്ളുകയാണു് പതിവു്. പ്രസിദ്ധീകരണങ്ങൾവഴിയായുള്ള പൊതുജനാഭിപ്രായരൂപവൽക്കരണത്തിനു്, സാമാന്യ വിദ്യാഭ്യാസത്തിന്റെ പ്രചാരം വളരെ സഹായിക്കുന്നതാണു്. ജനകീയരാഷ്ട്രങ്ങളിലെല്ലാം സാമാന്യവിദ്യാഭ്യാസവും വയോജനവിദ്യാഭ്യാസവും പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇതിൽനിന്നും സ്പഷ്ടമാണല്ലോ.

പത്രപ്രവത്തനംമൂലം പൊതുജനാഭിപ്രായം ശരിയായി രൂപവൽക്കരിക്കണമെങ്കിൽ താഴെപ്പറയുന്ന സാഹചര്യങ്ങൾ ഒരു ജനകീയരാജ്യത്തിൽ നിലവിലിരിക്കേണ്ടതാണു്.

1) ആദ്യമായിവേണ്ടതു് പത്രപ്രവത്തകന്മാരുടെ സ്വാതന്ത്ര്യത്തെ സക്കാരിൽനിന്നും അന്യായമായി തടയരുതു്. പ്രസ്സിന്റെ സർവ്വപ്രധാനമായ ചുമതല സുരക്ഷിതമായ പൊതുജനാഭിപ്രായത്തെ രൂപവൽക്കരിക്കുകയും പ്രചരിപ്പിക്കുകയുമാണു്. പൗരന്മാരുടെ ഹിതവും ഭരണകത്താക്കളുടെ ഹിതവും തമ്മിൽ ജനകീയരാഷ്ട്രങ്ങളിൽ പൊരുത്തമുണ്ടായിരിക്കേണ്ടതാണല്ലോ. ആകയാൽ ജനകീയരാഷ്ട്രങ്ങളിൽ പത്രപ്രവത്തകന്മാരുടെ ന്യായമായ സ്വാതന്ത്ര്യത്തെ സക്കാരിൽനിന്നും തടയുവാൻ പാടില്ലാത്തതത്രെ. പത്രങ്ങളും ഇതര പ്രസിദ്ധീകരണങ്ങളും ജനങ്ങളുടെ മൗലികാവകാശങ്ങളെ സംരക്ഷിക്കുന്നതിൽ ശ്രദ്ധപതിക്കുന്നതുകൊണ്ടു് അവയുടെ പ്രവത്തനം എപ്പോഴും സ്വതന്ത്രമായിരിക്കേണ്ടതുണ്ടു്. പത്രപ്രവത്തനസ്വാതന്ത്ര്യം പൗരന്മാരുടെ മൗലികാവകാശങ്ങളിൽ ഒന്നായി ഇൻഡ്യൻറിപ്പബ്ളിക്കിന്റെ ഭരണഘടനയിൽ കൊള്ളിച്ചിട്ടുണ്ടു്. അമേരിക്കൻ ഭരണഘടനയിൽപോലും ഇക്കാര്യം ഇത്രത്തോളം വിശദമായി കൊള്ളിച്ചിട്ടില്ലാത്തതാണു്.

2) രണ്ടാമതായിവേണ്ടതു്, പത്രപ്രവത്തകന്മാർ വിഭാഗീയതാല്പര്യങ്ങളിൽനിന്നും സ്വതന്ത്രരായിരിക്കേണ്ടതാണു്. ഒരു രാഷ്ട്രത്തിൽ തൊഴിലാളികളെന്നും മുതലാ

ളികളെന്നും, കർഷകരെന്നും, വ്യവസായികളെന്നും, ഉദ്യോഗസ്ഥരെന്നും, അനുദ്യോഗസ്ഥരെന്നും മററും വിവിധഭാഗങ്ങളുണ്ടാകാം. അതുപോലെതന്നെ ബ്രാഹ്മണരെന്നും :അബ്രാഹ്മണരെന്നും, ഹിന്ദുക്കളെന്നും, അഹിന്ദുക്കളെന്നും മററുമുള്ള വർഗ്ഗീയവിഭാഗങ്ങളും ഉണ്ടാവാം. ഈവക (Sectional interests) വിഭാഗീയ താല്പര്യങ്ങളിൽ ഏതെങ്കിലും ഒന്നിൻെറ കക്ഷിപിടിച്ചു്, പത്രങ്ങൾ പ്രചാരണവേല ചെയ്യുന്നതുമൂലം, ശരിയായ പൊതുജനാഭിപ്രായമല്ല രൂപവൽക്കരിക്കപ്പെടുന്നതു്. ആകയാൽ പ്രസിദ്ധീകരണകർത്താക്കൾ വിഭാഗീയതാല്പര്യങ്ങളിൽനിന്നും സ്വതന്ത്രരായിരിക്കേണ്ടതാണു്. എങ്കിൽമാത്രമേ ജനകീയതാല്പര്യങ്ങൾ സുരക്ഷിതമാകുകയുള്ളു. ഇക്കാര്യം ശരിയായി മനസ്സിലാക്കിയിട്ടുള്ളതിൻെറ ഫലമായിട്ടാണു് ഇൻഡ്യയും പാക്കിസ്ഥാനും തമ്മിലുള്ള ഉടമ്പടികളിൽ ഇരുഭാഗങ്ങളിലേയും വർത്തമാനപ്പത്രങ്ങൾ വിഭാഗീയവൈരം പുലർത്താതിരിക്കത്തക്ക ശട്ടംകെട്ടുകൾ ചെയ്തിട്ടുള്ളതു്.

3) മൂന്നാമതായി വേണ്ടതു്, പത്രങ്ങൾക്കു ശരിയായ വാർത്തകൾ യഥാകാലം വിതരണം ചെയ്യുന്നതിനുവേണ്ട ഏജൻസികൾ ഒരു ജനകീയരാഷ്ട്രത്തിൽ ഉണ്ടായിരിക്കേണ്ടതാണു്. വർത്തമാനപ്പത്രങ്ങളുടെ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം നിഷ്പക്ഷവും യഥാർത്ഥവുമായ വാർത്തകളുടെ പ്രചരണമത്രെ. ഇതു കൂടാതെ ശരിയായ വസ്തുതകളെ അടിസ്ഥാനമാക്കിയുള്ള വിമർശനങ്ങളും പത്രാധിപപ്രസംഗങ്ങളും പണ്ഡിതന്മാരുടെ ലേഖനങ്ങളും അവയിൽ ദൃശ്യമാകേണ്ടതാണു്. നിഷ്പക്ഷവും യഥാർത്ഥവുമായ വാർത്തകൾ വിതരണം ചെയ്യുന്ന ഏജൻസികളത്രെ, ലോകവ്യാപകമായ റോയിട്ടർ കമ്പനിയും, ഇൻഡ്യയിലുള്ള പി. ററി. ഐ. (Press Trust of India) യും, യു. പി. ഐ. (United Press of India) യും ഗ്ലോബ് ന്യൂസ് ഏജൻസിയും, ഓറിയൻറ് പ്രസ്സും. ഇവയിൽ ഓറിയൻറ പ്രസ്സ് മുസ്ലീം വാർത്തകൾക്കു പ്രാധാന്യം കൊടുത്തുവരുന്നു. ഇവ ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും, ഇൻഡ്യയുടെ വിവിധ പ്രദേശങ്ങളിൽനിന്നും, വാർത്തകൾ ശേഖരിക്കുക

യും, ദിനപ്പത്രങ്ങൾക്കു് മിതമായ പ്രതിഫലത്തിന്മേൽ വിതരണം ചെയ്യുകയും ചെയ്തുവരുന്നു. ന്യൂസ് ഏജൻസികൾ ചിലപ്പോൾ വിദഗ്ദ്ധലേഖകന്മാരുടെ വിമർശനങ്ങളുടെ പ്രസിദ്ധീകരണംമൂലം നേരിട്ടു പൊതുജനാഭിപ്രായരൂപവൽക്കരണത്തെ സഹായിക്കുകയും ചെയ്തുവരുന്നുണ്ടു്.

ഇതുകൂടാതെ ഗവൺമെൻറിൽനിന്നും ശരിയായ വസ്തുതകൾ ശേഖരിച്ചു പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി ഇൻഫർമേഷൻ വകുപ്പുകൾ നടത്തിവരുന്നുണ്ടു്. ഈ വകുപ്പിൻെറ ഒരു വിഭാഗമായി ഒരു സമസ്തഭാരതറേഡിയോ സർവ്വീസും നടത്തിവരുന്നു. ഡെൽഹി, കൽക്കട്ടാ, മദ്രാസ്, ലക്നൗ, അലഹബാദ്,ബോംബെ, ത്രിച്ചി, വിജയവാഡാ, ബറോഡാ, തിരുവനന്തപുരം, കോഴിക്കോട്ടു് തുടങ്ങി ഇൻഡ്യയിൽ പല സ്ഥലങ്ങളിലും ഇപ്പോൾ പ്രക്ഷേപണകേന്ദ്രങ്ങളുണ്ടു്. അവയിൽകൂടി വാർത്തകളും വിമർശനങ്ങളും പതിവായി പ്രക്ഷേപണം ചെയ്യപ്പെട്ടുവരുന്നു.

4) പത്രപ്രവർത്തനംമൂലം പൊതുജനാഭിപ്രായം ശരിയായി രൂപവൽക്കരിക്കുന്നതിനാവശ്യമായ വേറൊരു സാഹചര്യം, രാജ്യത്തിലുള്ള ഗതാഗതമാർഗ്ഗങ്ങളും ആശയവിനിമയ സൗകര്യങ്ങളും അത്യന്തം കാര്യക്ഷമമായിരിക്കണമെന്നുള്ളതാണു്. ഇൻഡ്യയിൽ നിലവിലിരിക്കുന്ന വിമാനത്തപാലും കമ്പിത്തപാലും ടെലിഫോൺ, ടെലിവിഷൻ, ടെലിപ്രിൻറർ മുതലായ പദ്ധതികളും, തീവണ്ടിയും എല്ലാം വാർത്താവിതരണത്തിനും പത്രവിതരണത്തിനും ഒരുപോലെ സഹായകരമാണു്.

5) പൊതുജനാഭിപ്രായം ശരിയായി കരുപ്പിടിപ്പിക്കുന്നതിനുള്ള വേറൊരുസാഹചര്യം പത്രപ്രവർത്തനകലയുടെ മാനദണ്ഡം ഉയർത്തുകയത്രെ. പ്രത്യേക ശിക്ഷണമോ, വിദ്യാഭ്യാസയോഗ്യതയോ, ലോകപരിചയമോ ആവശ്യമില്ലാത്ത ഒരു തൊഴിലാണു് പത്രപ്രവർത്തനമെന്ന തെററായ ധാരണയെ നീക്കുന്നതിനുള്ള ശ്രമങ്ങൾ ഇപ്പോൾ നിലവിലിരിക്കുന്നതു് ശുഭോദർക്കമത്രേ. മദ്രാസ് സർവ്വകലാശാലയിൽ ഇപ്പോൾ പത്രപ്രവർത്തനത്തിനുള്ള ഒരു ഡിപ്ലോമാകോഴ്സ് നിലവിലിരിക്കുന്നു. കൽക്കട്ടാ സർവ്വകലാശാലയും ഇങ്ങനെ ഒരു പ്ലാൻ രൂപവൽക്കരി

ച്ചുവരുന്നുണ്ടു്. പോരെങ്കിൽ ഒരു സമസ്തഭാരത പത്രാധിപ കോൺഫറൻസും ഇൻഡ്യയിലുണ്ടു്. അതിന്റെ ഉദ്ദേശ്യം പത്രപ്രവത്തനത്തിന്റെ മാനദണ്ഡത്തെ ഉയത്തുകയും പത്രപ്രവത്തന സ്വാതന്ത്ര്യത്തെ സംരക്ഷിക്കുകയും ആണു്.

6) പൊതുജനാഭിപ്രായ രൂപവൽക്കരണത്തിനുള്ള മറെറാരുമാർഗ്ഗം പ്രസംഗസ്വാതന്ത്ര്യമുണ്ടായിരിക്കുകയാണു്. ജനകീയരാഷ്ട്രങ്ങളിലെല്ലാം, ജനങ്ങൾക്കു സംഘടിക്കുന്നതിനും, യോഗം ചേരുന്നതിനും, പ്രസംഗങ്ങൾ ചെയ്യുന്നതിനും, സ്വാതന്ത്ര്യമുണ്ടു്. ക്രമസമാധാന പരിപാലനത്തിനു വിഘാതമായി തീരാതിരിക്കുന്നിടത്തോളം കാലം അവയെ തടയുന്നതിനു സക്കാരിനവകാശമില്ലാത്തതാണു്. അവ രാജ്യത്തിന്റെ പൊതുതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിനു പര്യാപ്തമായിരിക്കണം. വർഗ്ഗീയവൈര്യം ഉളവാക്കത്തക്ക പ്രഭാഷണങ്ങൾ രാമ്യനന്മയ്ക്കു തെല്ലും യോജിച്ചതല്ല. പ്രഭാഷണങ്ങൾ, പത്രങ്ങൾവഴി രാജ്യവ്യാപകമായി റിപ്പോർട്ടു ചെയ്യപ്പെടുന്നതുമൂലം പൊതുജനാഭിപ്രായം രൂപവൽക്കരിക്കുന്നതിനു സാധിക്കുന്നു.

7) വിദ്വാന്മാർ രചിക്കുന്ന ഗ്രന്ഥങ്ങൾ, ലഘുലേഖകൾ മുതലായവയുടെ പ്രചാരവും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണു്. അങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ വിപ്ലവകരമോ വർഗ്ഗീയവൈരം വളത്തുന്നതോ അല്ലാത്തപക്ഷം അവയുടെ പ്രചുരപ്രചാരം ഒരു ജനകീയ രാഷ്ട്രത്തിൽ ആരോഗ്യകരമായ പൊതുജനാഭിപ്രായം വളത്തുന്നതിനു വളരെ പ്രയോജനകരമായിരിക്കും.

